
സത്യം

അഹിംസ



# ദർശനം

(ജയ് ജഗത്)

സ്ഥാപക പത്രാധിപർ : ഡി. പങ്കജാക്ഷക്കുറുപ്പ്

| പുസ്തകം 41 | ലക്കം 9 | നവംബർ 10 |
|---|---|---|


# "സർവ്വ ജന സുഖായ"

ഈ സ്മരണാഞ്ജലി നടത്തുന്നതും അതിന്റെ വിവരണം ഇവിടെ കുറിക്കുന്നതും എല്ലാവർക്കും ശാന്തിയും സമാധാനവും ലഭിക്കട്ടെ എന്ന സങ്കല്പത്തോടെയാണ്. പങ്കെടുക്കുവാൻ കഴിയാത്തവർക്ക് ഇതാ ഒരവസരം കൂടി. ഈ പദയാത്രാ സംഘത്തോടൊപ്പം ഇപ്പോൾ തന്നെ ചേർന്നുകൊള്ളുക. സ്ഥലം നീർക്കുന്നം ധന്യ. സമയം സെപ്റ്റംബർ 28 ഞായർ രാവിലെ 7.30. യാത്രക്കായി സുഹൃത്തുക്കൾ എത്തിത്തുടങ്ങി. ഓരോ കപ്പ് ജാപ്പിയും അരിയുണ്ടയും കഴിച്ച് മുന്നിൽ ബാനറുമായി നടക്കുന്ന സതീഷ്ചന്ദ്രനേയും ഗിരിജനേയും അനുഗമിച്ചുകൊണ്ട് 21 പേരുടെ ഈ ചെറിയ സംഘം കൃത്യം 8 മണിയ്ക്ക് കഞ്ഞിപ്പാടത്തേയ്ക്ക് യാത്ര ആരംഭിച്ചു. വഴിയോരങ്ങളിൽ കണ്ടുമുട്ടുന്നവർക്കും വീടുകളിലും ലഘുലേഖകൾ നൽകിക്കൊണ്ട് മൈത്രീ സന്ദേശയാത്ര മുന്നോട്ട് പോകുംതോറും അതു വളരുന്നുമുണ്ടായിരുന്നു. വൈകിയെത്തിയവർ കൂടെ വന്നു ചേർന്നു. സംഘത്തിൽ ശങ്കുണ്ണിമാസ്റ്റർ, ഹരിദാസ്, നാസർ പൈങ്ങാമഠം, പ്രൊഫ. ശിവശങ്കരൻ, പാലക്കാട്ടുനിന്നും കബീർ, സാംജോസ്, ഹംസ സാർ, ഏക വനിതാഅംഗം ഓമന ചെമ്പകശ്ശേരി, ചന്ദ്രൻ പുറക്കാട്, ഗോപകുമാർ, മുഹമ്മദ് അലി, കോട്ടയത്തുനിന്നും ഫിലിപ്പ്, അനിൽ ചിങ്ങവനം, സോമൻ വണ്ടാനം, അഷറഫ്, ഷാജി ആലപ്പുഴ തുടങ്ങിയവർ ഉണ്ട്.

രാവിലെ 9.15ന് സംഘം കഞ്ഞിപ്പാടത്ത് എത്തിയപ്പോൾ നാട്ടുകാരും സ്മരണാഞ്ജലിയ്ക്കായി അവിടെ കാത്തുനിന്നിരുന്നു. കുറുപ്പുസാറിന്റെ അന്ത്യവിശ്രമസ്ഥലത്തെ പ്രാർത്ഥനാ നിർഭരമായ അന്തരീക്ഷത്തിൽ സഹോദരി ശാന്തമ്മയും ജി.പി. ചേട്ടനും ചേർന്ന് ദീപം തെളിയിച്ചു. തുടർന്ന് വരിവരിയായി പ്രദക്ഷിണം വച്ച് പുഷ്പാർച്ചന നടത്തി. ഇന്ന് അച്ഛന്റെ കുടുംബാംഗമായ മണകുന്നത്ത് സരസ്വതിചേച്ചിയുടെ സഞ്ചയനം നടക്കുകയാണ്. പലരും അങ്ങോട്ട് പോയിരിക്കുന്നു. പ്രണാമം.

വരൂ, ഇനി പ്രഭാതഭക്ഷണം. ഇഡ്ഡലിയും, സാമ്പാറും, ചമ്മന്തിയും ഉണ്ട്. കുടിക്കാൻ ജാപ്പിയും. നമ്മുടെ എം.എൽ.എ ജി.സുധാകരനും എത്തി പുഷ്പ്പാർച്ചന നടത്തി. അദ്ദേഹം പ്രഭാതഭക്ഷണം കഴിച്ചിരുന്നതിനാൽ ജാപ്പിയും ഗ്രനോളയും കൊടുത്തു. ഡോ: എൻ.എൻ. പണിക്കരും സരളചേച്ചിയും കൊണ്ടുവന്നതാണ് ഗ്രനോള. വളരെ പോഷകമൂല്യമുള്ള ധാന്യങ്ങളുടെ ഒരു മിശ്രിതം. എല്ലാവരും വേദിയിലേയ്ക്ക് വന്നിരിക്കൂ. നമുക്ക് പരിപാടിയൽപം നേരത്തെ തന്നെ തുടങ്ങിയേക്കാം. പുതിയ വീടിന്റേയും ഡിസ്പൻസറിയുടേയും മദ്ധ്യേ കിഴക്ക്-പടിഞ്ഞാറ് മനോഹരമായ ഒരു പന്തൽ ശ്രീ. കനകൻ നിർമ്മിച്ചിട്ടുണ്ട്. യശോധരനും രാമുചേട്ടനും ഗോപാലിയണ്ണനും ഒക്കെകൂടി പറമ്പ് വൃത്തിയാക്കി. എല്ലാവരും വന്നിരുന്നു. പടിഞ്ഞാറോട്ടുനോക്കിയാൽ പുഞ്ചപ്പാടങ്ങൾ നടീൽ കഴിഞ്ഞ നല്ല പച്ചപ്പാടങ്ങളായി നിൽക്കുന്നു. മഴ മാറി തെളിഞ്ഞ അന്തരീക്ഷം. കുറുപ്പുസാറിന്റെ മനോഹരമായ പുതിയ വീട്. അതിന്റെ മുറ്റത്ത് കൂടിയിരിക്കുന്ന സ്നേഹിതരെ നോക്കി ജി. സുധാകരൻ മെല്ലെ പറഞ്ഞുതുടങ്ങി.

എല്ലാവിധ ശാസ്ത്രീയ പുരോഗതികൾ നേടിയിട്ടും മനുഷ്യർ മനുഷ്വത്വം വെടിയുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാമിപ്പോൾ കടന്നുപോയിക്കൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ക്കാരം മറക്കുന്നു. ആത്മവിശ്വാസവും നഷ്ടപ്പെട്ട് എങ്ങനെയെങ്കിലും സ്വന്തം കാര്യം മാത്രം നോക്കി സ്വസ്ഥമായി കഴിയാമെന്ന മിഥ്യാധാരണയിൽപെട്ട് ഉഴലുന്ന മനുഷ്യരെ, സമൂഹബോധ ജീവിതത്തിലേയ്ക്ക് ഉയർത്തുവാൻ അക്ഷീണം പ്രയത്നിച്ച മഹാനാ

യിരുന്നു പങ്കജാക്ഷകുറുപ്പ്. അദ്ദേഹത്തിന്റെ ഓർമ്മയിൽ നടക്കുന്ന ഈ സ്മരണാഞ്ജലി എല്ലാവരെയും ഒന്നായി കാണാനും പരസ്പരം സ്നേഹിക്കുവാനും അവസരം ഒരുക്കട്ടെ. ഇന്നു മനുഷ്യർ ഒന്നുചിന്തിക്കുന്നു. മറ്റൊന്നു പറയുന്നു. പ്രവർത്തിയാവട്ടെ വേറൊന്നും. എന്നാൽ കുറുപ്പുസാറിന്റെ വാക്കും പ്രവൃത്തിയും ഒന്നുതന്നെ. സമൂഹത്തെ ഉദ്ധരിക്കുവാൻ എല്ലാ പ്രത്യയശാസ്ത്രങ്ങളിലേയും കാതലായ സത്ത സമാഹരിച്ചാണ് അദ്ദേഹം അയൽക്കൂട്ട ദർശനം നടത്തിയിട്ടുള്ളത്. പല തട്ടുകളിലായി നിന്ന് മത്സരിക്കുന്ന ജനവിഭാഗങ്ങളെ അദ്ദേഹം ഒന്നായി കണ്ട് സ്നേഹിച്ചു. ടാഴ്സൺ എന്ന ഗായകനെ പറ്റി ഒരു കഥയുണ്ട്. അദ്ദേഹം വനത്തിലിരുന്ന് പാടുമ്പോൾ മൃഗങ്ങളെല്ലാം ചുറ്റും വന്നിരുന്ന് പാട്ടുകേൾക്കും. അപ്പോൾ കടുവ മാനിനെ ആക്രമിക്കില്ല. മയിലും പാമ്പും കീരിയുമെല്ലാം ഒന്നിച്ചുവന്നിരുന്ന് പാട്ടു കേൾക്കും. എല്ലാവരെയും ഒന്നിപ്പിക്കുന്ന സംഗീതം പോലെയായിരുന്നു കുറുപ്പുസാറിന്റെ സന്ദേശം. ഭിന്നിച്ചാൽ നാം നശിക്കുമെന്നും ഒന്നിച്ചാൽ നാം രക്ഷപ്രാപിക്കുമെന്നും അദ്ദേഹം പഠിപ്പിച്ചു. അതായിരുന്നു കുറുപ്പുസാറിന്റെ സന്ദേശം. തന്റേടത്തോടെ സാഹചര്യങ്ങളോട് പ്രതികരിക്കണമെന്ന് തന്റെ ജീവിതത്തിലെ ചില നർമാനുഭവങ്ങളും ഉദ്ധരിച്ച് അദ്ദേഹം തന്റെ പ്രസംഗം ഉപസംഹരിച്ചു. അദ്ദേഹത്തിന് ഇന്ന് ഒരുപാട് പരിപാടികളുണ്ട്. എങ്കിലും സമയത്തിന് മുമ്പുതന്നെ ഇവിടെ എത്തി സ്മരണാഞ്ജലി അർപ്പിച്ചു. വാക്കും പ്രവൃത്തിയും ഒരുപോലെ കൊണ്ടുപോകുന്ന സുധാകരൻസാറിന് ദർശനത്തിന്റെ അഭിവാദനങ്ങൾ

ഇനി അടുത്ത യോഗനടപടികളിലേയ്ക്ക് കടക്കാം. രാമചന്ദ്രക്കുറുപ്പുചേട്ടന്റെ കൊച്ചുമകൻ അഭിഷേക് വേദിയിലെത്തി മനോഹരമായി ഒരു പ്രാർത്ഥനാഗാനം ആലപിച്ചു. കുറുപ്പുസാറിന്റെ കൊച്ചുമകൻ ശബരീഷ് സ്മരണാഞ്ജലിയ്ക്ക് വിവിധ ദേശങ്ങളിൽ നിന്നെത്തിയ സദസ്സിനെ അഭിമാനപൂർവ്വം സ്വാഗതം ചെയ്തു. ആരും അപ്പൂപ്പനെ മറന്നില്ല എന്ന് ഈ യോഗം വിളിച്ചറിയിക്കുന്നു. അപ്പൂപ്പന്റെ സന്ദേശങ്ങൾക്ക് പ്രസക്തി ഏറിവരുന്ന കാലഘട്ടമാണിത്. പുതിയ വീടുവെച്ചശേഷമുള്ള ആദ്യസ്മരണാഞ്ജലി. വീടുവെച്ചപ്പോൾ അപ്പൂപ്പന്റെ ലാളിത്യ സങ്കൽപ്പത്തിന

പ്പുറം കടന്നുപോകേണ്ടിവന്നു. വീടുവെയ്പ്പുമായി ബന്ധപ്പെട്ട് അനവധി പ്രതിസന്ധികളുണ്ടായി. ഓഫീസുകൾ കയറി ഇറങ്ങി. കുറുപ്പുസാറിന്റെ കൊച്ചുമകനാണെന്ന പരിഗണന പ്രതിസന്ധി കളെ തരണംചെയ്യാൻ സഹായിച്ചതായി ശബരീഷ് അനുസ്മരിച്ചു.

അടുത്തതായി ദർശനം കൂട്ടായ്മയിലെ അതിപ്രധാനമായ ഒരു ചടങ്ങാണ്. എല്ലാവരും മാനുഷികധ്യാനത്തിന് തയ്യാറെടു ക്കുക. ഹംസാസാർ ദർശനത്തിന്റെ ലക്ഷ്യവും മാർഗ്ഗവും വിശ ദീകരിച്ചിട്ട് ഗോപാലകൃഷ്ണൻസാറിനെ ധ്യാനത്തിനായി വേദി യിലേക്ക് ക്ഷണിച്ചു. സാർ വേണ്ട നിർദ്ദേശങ്ങൾ നൽകി. സ്വസ്ഥ മായി ഇരിക്കുക. മൊബൈൽ നിശ്ചലമാക്കി വെയ്ക്കുക. ഒപ്പം മനസ്സും അടക്കി ഇരുത്തിയാൽതന്നെ ജീവിതം രക്ഷപ്പെടും.

**ഇനി ധ്യാനം തുടങ്ങാം** – സാവധാനം വീട്ടിൽതുടങ്ങി. കുടുംബാംഗങ്ങളിലെല്ലാം മൈത്രീ ഭാവന വിടർത്തി ചുറ്റുമുള്ള വീടുകളും നാടും കടന്ന് മനസ്സ് സാവധാനം വികസിച്ച് ആഗോള മാനുഷിക ധ്യാനതലത്തിലെത്തുന്നു. അനന്താകാശത്തിലുള്ള ഭൂമിയെയും അവിടെ ഭൂമിക്കാരെയും കണ്ട് എല്ലാം ഒന്നെന്നു നിനച്ച് ഹൃദയം കൊണ്ട് അന്യോന്യഭാവം വളർത്തി വീണ്ടും മനസ്സുയുർത്തി പ്രപഞ്ചധ്യാനത്തിൽ ലയിക്കുന്നു. പടിപടിയായി മനസ്സിനെ ഈ തലത്തിലേക്ക് ഉയർത്തി അല്പ സമയം അവിടെ നിർത്തിയിട്ട് മറ്റുള്ളവരുടെ കുറ്റങ്ങൾ നോക്കാതെ എല്ലാവരേയും ആത്മഭാവത്തിൽ കണ്ട് സ്നേഹിക്കണമെന്ന തത്വം മാനുഷിക ധ്യാനത്തിലൂടെ ഹൃദയങ്ങളിൽ സന്നിവേശിപ്പിച്ച് എല്ലാവരും കണ്ണു തുറക്കുവാൻ സാർ നിർദ്ദേശിച്ചു.

ദർശനം എല്ലാ മാന്യ വായനക്കാർക്കും ഈ സന്ദേശം പ്രക്ഷേപണം ചെയ്യുന്നു. കാരുണ്യവും ആനന്ദവും ഒന്നു തന്നെ. ജീവിതാനന്ദം അനുഭവിക്കുവാനുള്ള ഏക മാർഗ്ഗം തന്നെപ്പറ്റി തന്നെ ചിന്തിക്കാതെ എല്ലാവരോടും കാരുണ്യപൂർവ്വം പെരുമാ റുക എന്നതു തന്നെയാണ്. ഇതു ജീവിതവൃതമാക്കുവാൻ അപേ ക്ഷിക്കുന്നു.

ഇവിടെ നമുക്ക് പ്രധാനമല്ലാത്ത എന്തുകാര്യമാണുള്ളത്. ഇനി കുറുപ്പുസാറിന്റെ ഒരു ലേഖനം കേൾക്കാം. കൊച്ചുമകൾ

കൃഷ്ണയും കളരിയ്ക്കൽ അശ്വതിയും ചേർന്ന് അത് വായിച്ചു. ഇതു കേട്ടാൽ ആരാ ശ്രദ്ധിക്കാത്തത്. ഞാൻ ഭാവിലോകത്തിന്റെ പ്ലാൻ വരക്കാരൻ മാത്രമാണെന്നും ആശാരിയും കൊല്ലനും മൈക്കാടുപണിക്കാരനും ഒക്കെ വന്നാലെ പുതിയ ലോകത്തിന്റെ പണിപൂർത്തിയാകൂ എന്നും കുറുപ്പുസാർ പറയുന്നു. കാട്ടു കോണംപാടത്ത് മടവീഴുന്നതുകണ്ടാൽ ഓടിവായോ നമുക്ക് മട തടയാം എന്നു പറയാനല്ലാതെ എനിക്കുതന്നെ മടതടയാനാവില്ല. നമുക്ക് സ്വസ്ഥ ജീവിതത്തിന് വിദ്വേഷം വെടിഞ്ഞ് എല്ലാവരേയും സ്വന്തമായി കാണാനുള്ള പരിശീലനം തുടങ്ങണം. കുളത്തിലെ ചെളിയിലേയ്ക്കല്ല അതിൽ വിരിഞ്ഞുനിൽക്കുന്ന താമരപ്പൂവി ലേയ്ക്ക് നോക്കുക. എവിടേയും നന്മകാണുക. പുതിയ സ്വപ്നം കാണുക. ലോകമാകെ എല്ലാവരും പരസ്പരം ഉണ്ട്. ഭരണാധി കാരികളാണെല്ലാവരും. എന്റെ ലോകം ഐശ്വര്യമായിരിക്കുവാൻ എന്തുവേണമോ അത് ചെയ്യുവാൻ എനിക്ക് ബാദ്ധ്യത ഉണ്ടെന്ന് ഓരോരുത്തരും അറിഞ്ഞു പെരുമാറുന്ന ലോകം. ഓരോ വീടും എല്ലാവരുടേതുമാണ്. ഓരോരുത്തരും എല്ലാവർക്കും വേണ്ടി കൂട്ടുചേർന്ന് അദ്ധ്വാനിക്കുന്ന ലോകം. ലോകത്ത് ജീവിത മേയുള്ളൂ. സർവ്വ മനസുകളിലും നാം ഒന്നാണെന്ന് തെളിയി ക്കുന്ന ഒറ്റ ഒരു തിരി ആദ്യം കൊളുത്താം. അതിനെന്ത് ചെയ്യണം എന്നതാണ് ദർശനത്തിന്റെ അന്വേഷണം. മാനുഷികധ്യാനം കൊണ്ട് മനോവിളക്ക് മിനുസമാക്കാം. തേച്ച് വൃത്തിയാക്കാം. നിത്യേന തുടച്ചുകൊണ്ടിരിക്കാം. അതിൽ മൈത്രീഭാവനയാകുന്ന സ്നേഹം നിറയ്ക്കാം. തറക്കൂട്ടമാകുന്ന തിരികളിട്ട് ദീപം തെളിച്ച് ജൈവാർച്ചന തുടങ്ങാം. പ്രസാദിക്കേണ്ടത് ഈശ്വരനല്ല; സമൂഹമാണ്. ഈശ്വരൻ സദാ പ്രസാദിച്ചും അനുഗ്രഹിച്ചും നമ്മോടുകൂടിയുണ്ട്. പരസ്പരം പ്രസാദിപ്പിക്കുകയും പ്രസാദ മായിത്തീരുകയുമേ നമുക്കിനി വേണ്ടൂ.

സ്മരണാഞ്ജലി തുടരാം. ഓർമയിലെ ഭൂമിക്കാരൻ എഴു തിയ രാമചന്ദ്രകുറുപ്പ് ചേട്ടൻ പലവിധ രോഗങ്ങളുമായി മൽപി ടുത്തത്തിലാണ്. ആത്മശക്തികൊണ്ട് ഒരുവിധം രോഗങ്ങളെ കീഴ്പ്പെടുത്തി അച്ഛനുമായുള്ള ആത്മബന്ധത്താൽ ഇവിടെ

എത്തി തന്റെ പ്രസംഗത്തിൽ ഒരുപാട് ജീവിതാനുഭവങ്ങൾ പങ്കിട്ടു. മദ്യം കഴിയ്ക്കരുത് എന്നുപദേശിച്ച ഗുരുക്കന്മാരുടെ അനുയായികൾ അത് കഴിക്കുന്ന ലോകം, അയൽക്കാരെതന്നെപ്പോലെ സ്നേഹിക്കൂ എന്നു പറഞ്ഞ ക്രിസ്തുവിന്റെ അനുയായികൾ തന്നെ പരസ്പരം അങ്കംവെട്ടുന്നലോകം, മുഹമ്മദിന്റെ സാഹോദര്യവും സമർപ്പണഭാവവും വെടിഞ്ഞ് സഹോദരങ്ങളുടെ നേരെ വെടി ഉതിർക്കുന്ന ലോകം ഇവിടെ മാനുഷിക ധ്യാനത്തിനിന്നാർക്കുനേരം. എങ്കിലും മനുഷ്യരാശി പരസ്പരം സ്നേഹിക്കുകയല്ലാതെ പ്രശ്നപരിഹാരത്തിന് മറ്റുമാർഗ്ഗങ്ങളൊന്നും ഇല്ല എന്ന കുറുപ്പുസാറിന്റെ കണ്ടുപിടുത്തം അല്ലാതെ ആർക്കെങ്കിലും ഒരു പോംവഴി പറഞ്ഞുതരാനുണ്ടോ? കുറുപ്പുചേട്ടൻ ചോദിച്ചു? ഇന്നത്തെ ദുരവസ്ഥയൊക്കെ മാറി പുതിയൊരു ലോകം രൂപം പ്രാപിക്കുമെന്ന് പങ്കൻചേട്ടന് ബോദ്ധ്യമുണ്ടായിരുന്നു. അഡ്വ: നാസർ പൈങ്ങാമഠമാണ് അടുത്തതായി സംസാരിച്ചത്. കുറുപ്പുസാർ എന്റെ ഉമ്മയുടെ ഒരു സംഘർഷവുമില്ലാത്ത അതിഥിയായിരുന്നു. എപ്പോൾ വന്നാലും സന്തോഷം. എന്ത് കൊടുത്താലും സന്തോഷം. അദ്ദേഹം നമ്മെ പലതും പറഞ്ഞുപഠിപ്പിച്ചു. എന്നിട്ട് നമ്മെളെന്തുചെയ്തു. നമ്മിലെന്തുമാറ്റമുണ്ടായി ചിന്തിച്ചാൽ നമുക്ക് ലജ്ജിക്കേണ്ടിവരും. ഈ പത്താം സ്മരണാഞ്ജലിയിൽ നമുക്ക് പ്രതിജ്ഞയെടുക്കാം മൈത്രീഭാവനയും ധ്യാനവും നമുക്ക് ശീലമാക്കാം. അടുത്തതായി നമ്മെ അഭിസംബോധന ചെയ്യുന്നത് പ്രൊഫ. രാമരാജവർമ്മസാറാണ്. കുറുപ്പുസാറിന്റെ സന്ദേശങ്ങൾ നമുക്ക് മഹാത്മജിയുടെതുപോലെ നമ്മുടെ ഋഷിപരമ്പരയുടെ സന്ദേശമാണ്. അത് തികച്ചും മൗലികമായി കാലോചിതമായി അവതരിപ്പിക്കുക എന്ന ദൗത്യമാണ് കുറുപ്പുസാർ ചെയ്തിട്ടുള്ളത്. മനുഷ്യന്റെ ജാതി മനുഷ്വത്വമാണ്. ആറ്റംബോംബിനെ പോലും നേരിടാൻ ശക്തമായ ആയുധങ്ങളാണ് സത്യവും അഹിംസയും. മനുഷ്യമനസ്സിലെ ഹീനവാസനകളെ നശിപ്പിക്കാൻ പോന്ന ശക്തി മൈത്രീ ഭാവനകൊണ്ട് നേടിയെടുക്കാം. പരസ്പര ബന്ധുത്വസമൂഹമെന്ന കുറുപ്പുസാറിന്റെ സ്വപ്നത്തിനായി ഒത്തൊരുമിച്ച് പ്രവർത്തിക്കാം. പ്രസംഗങ്ങൾ ഇത്രയുമൊക്കെ കേട്ടല്ലോ. ഇനി നമുക്ക് ഒരു വേണുഗാനം

കേൾക്കാം-'അദ്വൈതം ജനിച്ച നാട്ടിൽ" എന്ന ഗാനം എല്ലാവരും സന്തോഷത്തോടെ കേട്ടിരുന്നു. വേണു കാക്കാഴത്തുകാരനാണെങ്കിലും ഇപ്പോൾ തിരുവനന്തപുരത്ത് താമസിക്കുന്നു. ദർശനം ആശയപ്രചരണത്തിന് പ്രവർത്തിച്ചുവരുന്നു. ഇനി ഡോ: പത്മകുമാറിന്റെ വാക്കുകൾ ശ്രദ്ധിക്കാം. കുറുപ്പുസാറിന്റെ ആശയങ്ങൾക്ക് ഒരിക്കലും മരണമില്ല. ആ ലളിതജീവിതവും ആത്മവിശ്വാസവും പട്ടിണിപോലും സാരമില്ല നമുക്കതും പങ്കുവെയ്ക്കാം എന്ന കാഴ്ചപാടും മനുഷ്യനെ സമുഹജീവിതത്തിലേയ്ക്ക് ഉയർത്തുവാൻ ആഹ്വാനം ചെയ്യുന്നു.

തിരുവനന്തപുരത്തുനിന്നും ഡോ: എൻ.എൻ. പണിക്കരുസാർ പമ്പയാറ്റിൽ പോയി ഒന്ന് നീരാടിയിട്ടാണ് യോഗത്തിനെത്തിയത്. മനുഷ്യമനസ്സും പുഴകളും എല്ലാം ശുദ്ധീകരിക്കണമെന്നും സൗരോർജം പോലെ ഊർജ സ്രോതസ്സുകൾ കണ്ടെത്തി മനുഷ്യൻ പ്രകൃതിയുമായി ഇണങ്ങി പരസ്പരാനന്ദ ജീവിതം പ്രാപ്തമാക്കണമെന്നും സാർ അഭിപ്രായപ്പെട്ടു. വിനോബ ഭാവയും ഭൂദാനപ്രസ്ഥാനങ്ങളും കുറുപ്പുസാറും എല്ലാം പ്രസംഗത്തിൽ നിറഞ്ഞുനിന്നു. സ്ഥലവാസിയായ ബി. സന്തോഷ്കുമാറും സ്മരണാഞ്ജലി അർപ്പിച്ചു സംസാരിച്ചു. തുറവൂരിൽ നിന്നും വിജയ്നാഥ്സാറും ചേച്ചിയും എത്തിയിട്ടുണ്ട്. സ്കൂളുകളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ധ്യാനവും ചിരിയോഗയുമൊക്കെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. സദസ്സിൽ അനുഭവങ്ങൾ പങ്കിട്ടു.

പ്രിയമുള്ളവരെ, പ്രസംഗത്തിലൂടെ നാം പലതും ഗ്രഹിച്ചുവല്ലോ? ഇനി ആവിഷ്കരിക്കേണ്ടത് നാം തന്നെയാണ്. അതിനായി നമുക്കിവിടെ തറക്കൂട്ടം കൂടാം. പത്തുപതിനഞ്ചുപേർ വൃത്തങ്ങളായി വീട്ടിലും പറമ്പിലുമായി കൂട്ടം കൂടി ഇരുന്ന് പരസ്പരം പരിചയപ്പെട്ട് മൈത്രീ ഭാവനയുടെ പരിശീലനം തുടങ്ങി. അതിനായി തയ്യാറാക്കിയ തറക്കൂട്ടത്തിലേയ്ക്ക് സ്വാഗതം എന്ന ലഘുലേഖയും വിതരണം ചെയ്തു. ഓരോ തറക്കൂട്ടവും നല്ല നിലയിൽ പ്രവർത്തിച്ചതായാണ് കാണുന്നത്. ഉള്ളിൽ നിന്നും പുറത്തേയ്ക്കുള്ള ബന്ധുത്വബോധത്തിന്റെ ഒരു ഉറവയാണിപ്പോൾ

ഇവിടെ പൊട്ടിവിടരുന്നത്. അത് പരസ്പരാനന്ദ തലത്തിലേയ്ക്ക് ഉയർന്നപ്പോൾ സമയം പോയതാരും അറിഞ്ഞില്ല. ഊണിന് വിളിച്ചിട്ടാരേയും കിട്ടാനില്ല. ശരീരത്തിനാഹാരം പോലെ ആത്മാവിന്റെ ഭക്ഷണമാണ് നല്ലചിന്തകൾ. അതെല്ലാവരും പങ്കിട്ടുഭുജിക്കുകയാണ്. എങ്കിലും രണ്ടുമണിയോടെ വിശപ്പിന്റെ മണി മുഴങ്ങിയപ്പോൾ എല്ലാവരും വന്ന് ഊണുകഴിച്ചു. പുഞ്ചയരിചോറും അവിയലും സാമ്പാറും തോരനും പിന്നെ മാങ്ങാ ഉപ്പിലിട്ടതും ഒഴിക്കാൻ മോരും. ഊണുകഴിഞ്ഞെല്ലാവരും ഒത്തുകൂടി ഇനി ഭവനസന്ദർശനമാണ്. അതിനുമുമ്പായി ചില പാട്ടുകൾ കേൾക്കാം. ഗംഗാപ്രവാഹംപോലെ മധുസൂദനൻനായരുടെ കവിതയുടെ ആലാപനം ശിവന്റെ ഒരു സിദ്ധി തന്നെയാണ്. സദസ്സ് അതിൽ ലയിച്ചിരുന്നു. തുടർന്ന് തറക്കൂട്ടങ്ങളിൽ കൂടിയവരും അവരോടൊപ്പമുള്ള നാട്ടുകാരും ചേർന്ന് കഴിയുന്നത്ര വീടുകളിൽ കയറി ദർശനത്തിന്റെ സന്ദേശങ്ങളും ലഘുലേഖകളും നൽകി. നാലുമണിയോടെ തിരികെ എത്തി. സർവ്വശ്രീ കുട്ടപ്പൻസാർ, ചന്ദ്രൻ പുറക്കാട്, അഷറഫ്, കോമളം ചേച്ചി, അഡ്വ. രാജശ്രീ, കുര്യൻ ചേട്ടൻ, ഗോവിന്ദൻ, മുഹമ്മ ദർശനവേദിയിൽ നിന്നെത്തിയ എ.എസ്.ഐ. ജോയി, ഗോപകുമാർ നീർക്കുന്നം, ജെ.പി. വേളമാനൂർ തുടങ്ങിയവർ അവരുടെ ഗ്രൂപ്പ് വിശേഷങ്ങൾ പങ്കിട്ടു. വിസ്താരഭയത്താൽ പങ്കെടുത്തവരുടെ പേരുകളോ ചർച്ചാവിഷയങ്ങളോ ഇവിടെ ചേർക്കുന്നില്ല. ഇപ്പോൾ മറ്റൊരു ജോലി നമ്മെ കാത്തിരിക്കുന്നു. നല്ല നെയ്യപ്പവും പഴവും ജാപ്പിയും വിതരണം ചെയ്യുന്നു. ആവശ്യത്തിന് വാങ്ങി കഴിയ്ക്കുക. മണി അഞ്ചുകഴിഞ്ഞു. മാനുഷികധ്യാനം കഴിഞ്ഞ് യോഗം പിരിഞ്ഞു.

നമ്മുടെ ഭക്ഷണം ബന്ധുവായ മോഹനനും സഹധർമ്മിണി ഓമനയും ചേർന്നാണ് രുചികരമായി തയ്യാറാക്കി തന്നത്. പാത്രങ്ങൾ വട്ടപ്പായിത്ര ദേവസ്വത്തിൽ നിന്നും ലഭിച്ചു. തേങ്ങാ ഗോവിന്ദവിലാസത്തുനിന്നും കൊണ്ടുവന്നു. പോരാത്തത് പാലത്തിട്ട സുധചേച്ചിയും. ലാലിച്ചനായിരുന്നു മൈക്കിന്റെ ചുമതല. നാട്ടുകാരും ദർശനം സാംസ്ക്കാരികവേദി പ്രവർത്തകരും പങ്കെടുത്തു. ഈശ്വരാനുഗ്രഹത്താൽ എല്ലാം മംഗളമായി

നടന്നു. വായനക്കാരുടെ എല്ലാം ഉള്ളിൽ മൈത്രീഭാവനവളരട്ടെ. ഒരുപാടു പോരായ്മകളുണ്ടെന്നറിയാം. ദൂരെനിന്നു വന്ന പലരുമായും ഒന്നു മിണ്ടാൻപോലും കഴിഞ്ഞിട്ടില്ല. ആശയം മാത്രം നോക്കുക. പഠിക്കുക അത് കൈകാര്യം ചെയ്യുന്നവർക്ക് പരിമിതികളുണ്ട്. ക്ഷമിക്കുക. എല്ലാവരോടും സ്നേഹമായിരിക്കുക വളരെ ശ്രേഷ്ഠമായ ഈ സന്ദേശം ജീവിതത്തിൽ പകർത്തി പരസ്പരാനന്ദത്തോടെ ജീവിക്കുക.

**"മാ വിദ്വിഷാവഹൈ" അരുതേ ആരോടും വിദ്വേഷം തോന്നരുതേ "ദ്വേഷിക്കേണ്ട സ്ഥാനത്ത് ക്ഷമിക്കുക. ദ്വേഷിക്കുന്നവരെ സ്നേഹിക്കുക. അതാണ് നമ്മുടെ വലിപ്പം. അതിലും വലിയ തപസ്സില്ല. മനസ്സിനെ എപ്പോഴും ശാന്തമാക്കി വെയ്ക്കുക. മനസ്സിൽ ക്രോധവും വെറുപ്പും സ്വാർത്ഥതയും എപ്പോഴൊക്കെ ഉണ്ടാകുന്നുവോ അപ്പോഴെല്ലാം ധ്യാനം കൊണ്ടത് പൂജ്യം അളവിൽ തന്നെകൊണ്ടുവന്നു നിർത്തുക. മനസ്സിനെ നമുക്ക് ഭരിക്കാം. അപ്പോൾ ഉള്ളിൽ നിന്നും വിശ്വമൈത്രീഭാവന ഉടലെടുക്കും.**

---

**ഒരു യാത്രയുടെ കഥ**

## ഉത്തരാഖണ്ഡ് ദർശനം - 5

**ചന്ദ്രൻ പുറക്കാട്.** ഫോൺ : 9446327525

*"പൊൽതിങ്കൾക്കല പൊട്ടുതൊട്ട ഹിമവൽ ശൈലാഗ്രശൃംഗങ്ങളിൽ......." നമുക്ക് പോകാനായില്ലെങ്കിലും പോയവരുടെ വാക്കുകളിലൂടെ ദർശിക്കാം.*

കാളിന്ദി പർവ്വതമാണ് യമുനോത്രിയ്ക്ക് മുകളിൽ. അവിടെയുള്ള സപ്തർഷികുന്നിൽ നിന്നുമാണ് യമുന ഉത്ഭവിക്കുന്നത്. അവിടെ എത്തിപെടുക എന്നത് ക്ലേശകരം തന്നെയാണെന്നാണ് പറയപെടുന്നത്. സമുദ്രനിരപ്പിൽനിന്നും 4420 മീറ്ററിനു മുകളിലാണ് ഈ സ്ഥലം ഇനി ഒരു സന്ദർശനം ഇവിടെയ്ക്ക് എന്നാണ് എന്ന് ഊഹിക്കാനേ കഴിയുന്നില്ല. നിരന്തരമായ ആഗ്രഹവും ശ്രമവും അതിനുപിൻബലമായി ഉണ്ടായിരിക്കണം. എണ്ണു

റിലധികം കിലോമീറ്റർ ദേശാടനം നടത്തിയാണ് ഈ ബാലയമുന അലഹബാദിൽ എത്തിചേരുന്നത്. അവിടെവച്ച് ഭൂഗർഭത്തിലൂടെ ഒഴുകിയെത്തുന്ന സരസ്വതി നദിയോടൊപ്പം ഇവൾ ഗംഗാപ്രവാഹത്തിൽ വിലയം പ്രാപിക്കുന്നു. അത് വിശ്വപ്രസിദ്ധമായ ത്രിവേണി സംഗമമായി കുംഭമേള അറിയപ്പെടുന്നു. മൂന്ന് പുണ്യനദികൾ സംഗമിക്കുന്ന കാലപ്രവാഹിനി, യമുനോത്രിയിൽ വരാൻ കഴിയാത്തവർക്ക് അവിടെ പിതൃപൂജകൾ നടത്തി സായൂജ്യമടയാം.

ഞങ്ങൾ ഗംഗോത്രിയിലും പിതൃപൂജാതർപ്പണം നടത്തി. അതിനു പ്രത്യേകമായി അടയാളപ്പെടുത്തിയ തീർത്ഥസ്ഥലങ്ങളുണ്ട്. പരിശീലനം സിദ്ധിച്ച പാണ്ടകളും പഹാഡികളുമെല്ലാം തീർത്ഥാടകരുടെ സഹായത്തിനുണ്ട്. യമദേവന്റെ സഹോദരിയായും യമുന സങ്കൽപിക്കപ്പെടുന്ന കഥകളുണ്ട്. ഇവിടെ സ്നാനം ചെയ്യുന്ന തീർത്ഥാടകന് ഒരിക്കലും വേദനാപൂർണ്ണമായ അന്ത്യം ഉണ്ടാവില്ലെന്നാണ് വിശ്വാസം. പിതൃമോക്ഷകാരിണിയുമാണ് യമുന. ഇവിടെ മുഖ്യ പ്രതിഷ്ഠയായ യമുനാദേവിയെ പ്രതിഷ്ഠിച്ചത് ജയ്പ്പൂരിലെ മഹാറാണി ഗുലാരിയെയാണ്. 19-ാം നൂറ്റാണ്ടിൽ 1923-ലെ വൻഭൂകമ്പത്തിൽ ആ ക്ഷേത്രം തകർന്നുപോയെങ്കിലും പുനർനിർമ്മാണം നടത്തിയതാണ് ഇന്നുള്ള ക്ഷേത്രം. യമുനാനദിയുടെ ആരംഭത്തിൽ ഇടതുകരയിലാണ് ക്ഷേത്രം സ്ഥാപിക്കപ്പെട്ടിരിക്കുന്നത് പലകാലങ്ങളിലായി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളിൽപ്പെട്ടുപോകാറുണ്ടെങ്കിലും ഇവൾ ബാലയമുന വീണ്ടും പുനർജനിക്കുന്നു. നാടിന്റെ രക്ഷകയായ ഇവൾക്ക് എന്തുനൽകിയാലും എത്രനല്കിയാലും ആരാധകർക്ക് മതിവരില്ല. അത്ര ജനമനസ്സുകളെ സ്വാധീനിച്ച ചൈതന്യ സ്വരൂപിണിയാണ് യമുന. ശ്രീകൃഷ്ണന്റെ രാസലീലകൾക്ക് എന്നും വേദിയായിരുന്നത് ഇവളാണ് ഈ കൊച്ചുസുന്ദരി. യമുനയുടെ തീരങ്ങളിലെ നീലക്കടമ്പുകളെക്കുറിച്ച് നമുക്കറിയാം. സുന്ദരിമാരുടെ ചേലവാരി ഓടക്കാർ വർണ്ണൻ ഒളിച്ചിരുന്ന വൃക്ഷങ്ങൾ. ആ ഓർമ്മകൾ ഇന്നും നമ്മെ ദ്വാപരയുഗ സന്ധികളിലെ ഓടക്കുഴൽ വിളികളിലേയ്ക്ക് ആനയിക്കുന്നു. ആശ്രമങ്ങളും ഋഷിമാരും ഇവളുടെ തീരത്ത് തപസ്സിരിക്കുന്നു. ജനങ്ങളെയും ജനപ

ഥങ്ങളെയും സമൃദ്ധിയിലേയ്ക്ക് നയിച്ചുകൊണ്ട് ഇവൾ ഉത്തര ഭാരതം മുഴുവൻ പലവഴികളിലായി കൃഷ്ണനെതേടി ഊരുചുറ്റുന്നു. ഡൽഹിയും ആഗ്രയുമെല്ലാം ഇവളുടെ ധന്യസ്മരണയിൽ പുളകമണിയുന്നു.

എവിടെയെല്ലാം ഗംഗയുണ്ടോ അവിടെയെല്ലാം യമുനയും എത്തിചേരുന്നു. പല കൈവഴികളിലായി രണ്ടുപേരും സഹയാത്രികരും സുഹൃത്തുക്കളുമാണ്. ഗംഗയുടെ പോഷകനദിയാണ് യമുന. ഇവളുടെ തീരത്ത് തപസ്സിരുന്നത് എത്രയെത്ര മഹാരഥന്മാരാണ്. സ്വദേശികളും വിദേശികളുമെല്ലാം അക്കൂട്ടത്തിൽപെടും. ഇവളുടെ ഉത്ഭവസ്ഥാനത്ത് തീർത്ഥാടനത്തിനെത്തിയ ലോകനേതാക്കൾ അനുസ്മരിക്കുന്നത് ഇവൾ സ്വർഗ്ഗനന്ദിനി തന്നെയെന്നാണ്. അവിടെ തമ്പടിച്ചിരിക്കുന്ന സന്യാസിവര്യന്മാരെത്രയെത്ര.

ഫോർട്ടുകൊച്ചിയിലെ ആദ്യവനിതാ ആർ.ഡി.ഒ. ആയിരുന്ന കെ.ബി. വത്സലകുമാരി ഒരിയ്ക്കൽ യമുനോത്രിയിലെ മൗനിബാവ ആശ്രമം സന്ദർശിച്ച് എഴുതിയ ലേഖനം ഒരു പത്രത്തിലെഴുതിയ യാത്രാനുഭവം ഇന്നും ഓർമ്മയിൽ പച്ചപിടിച്ചുനിൽക്കുന്നു. ആ യാത്രയിൽ മൗനിബാവ ആശ്രമത്തിൽ അവർ എത്തിചേർന്നു. കല്ക്കട്ടക്കാരായ സന്ദർശകർക്കൊപ്പം. യമുനോത്രിയിൽ നിന്നും രണ്ടുകിലോമീറ്റർകൂടെ ഉയരത്തിൽ. അവിടെ ചെല്ലുന്നവർ ഏതു സമയത്തായാലും ഭക്ഷണം കഴിക്കണം എങ്കിലേ ആശ്രമത്തിൽ തങ്ങാൻ കഴിയൂ. മൗനിബാവ 20 വർഷമായി ആരോടും സംസാരിക്കാറില്ല. എങ്കിലും സന്ദർശകരുടെ മനസ്സ്വായിച്ച് അവരുടെ ആവശ്യങ്ങൾ നിറവേറ്റികൊടുക്കും. രാത്രിയിൽ അരിച്ചുകയറുന്ന തണുപ്പാണ്. ആരും ഉറങ്ങിയില്ല. ആശ്രമത്തിൽ നിന്നും രാത്രി മൂന്ന് കമ്പിളി വസ്ത്രങ്ങൾ വീതം സന്ദർശകർ ആവശ്യപെടാതെ തന്നെ ബാവകൊടുത്തയച്ചു. ഏതോ ഒരു സാധനം കഴിഞ്ഞ താവളത്തിൽവച്ചു വത്സലകുമാരി എടുക്കാൻ മറന്നിരുന്നു. രാവിലെ അങ്ങോട്ടുപോകാൻ ഒരുങ്ങി നില്ക്കുമ്പോൾ ആ കിറ്റ് ബാഗുമായി ഒരാൾ മൗനിബാബയുടെ ആശ്രമത്തിലെത്തി അത് വത്സലകുമാരിയ്ക്ക് തിരിച്ചുനൽകി. യമുനോത്രിയിൽവച്ച് ഒരിക്കലും

ആർക്കും ഒന്നും നഷ്ടപ്പെടില്ല എന്ന് ആശ്രമവാസികൾ അനുസ്മരിക്കുന്നു. ഇതുപോലെ എത്രയെത്ര സംഭവങ്ങളാണ് യാത്രികർക്ക് അനുസ്മരിക്കാൻ ലഭിക്കുന്നത്. എന്തുതന്നെ നഷ്ടപ്പെട്ടാലും ഈ അമ്മ അവർക്ക് തിരിച്ചുനൽകുമത്രെ. ഡൽഹിജീവിതത്തെ കുറിച്ച് പത്തനംതിട്ട ജില്ലാകളക്ടറായിരുന്ന കെ.ബി. വത്സലകുമാരി കണ്ടതും കേട്ടതും ഇന്ദിരാഗാന്ധി ഓഫീസിൽ വിളിപ്പിച്ച് സംസാരിച്ചതും ഇനിയൊരവസരത്തിൽ ഉപന്യസിക്കാം.

ചതുർധാമങ്ങളിലൊന്നായ യമുന. ദർശനം പൂർത്തിയാക്കി ഞങ്ങൾ മൂന്ന് മണിയ്ക്കു തന്നെ തിരിച്ചിറങ്ങി. തിരിച്ചുപോരാൻ ആരെയും കാത്തു നിൽക്കേണ്ട എന്നും എല്ലാവരും ജാനകി ബായിചട്ടിയിൽ വന്ന് പസ്പരം സന്ധിക്കാനും പറഞ്ഞിരുന്നു. തിരിച്ചുള്ള വരവിന് കുതിരക്കാരനെ കണ്ടില്ല എങ്കിലും പകുതി യാത്രക്കൂലി മതിയെന്നതിനാൽ കുതിരസവാരി നടത്തിതന്നെ പരിചയപ്പെട്ട കൂട്ടരുമായി തിരിച്ചെത്തി. ചായ ഇടത്താവളത്തിൽ നിന്നും കഴിച്ചു. നല്ല തിരക്കിന് അപ്പോഴും കുറവുണ്ടായിരുന്നില്ല.

'നദികളിൽ സുന്ദരി യമുന' എന്ന് നമ്മുടെ കവികൾ പാടിയിട്ടുണ്ടല്ലോ. യമുനോത്രിയെ എത്ര കണ്ടാലും മതിവരില്ല എന്നതാണതിനർത്ഥം. കൃഷ്ണ മാത്രമല്ല കൃഷ്ണഭക്തരായ ആർക്കു തന്നെയും ഇവിടെ വരുമ്പോൾ കാലം നമ്മുടെ കൂടെ എത്തുന്നു. ത്രേതായുഗമായാലും ദ്വാപരമായാലും ഹിമവത് ശൃംഗങ്ങളുടെ കഥ പറഞ്ഞ കാളിദാസന്റെ രഘുവംശവും, മേഘ സന്ദേശവും, വാത്മികിയുടെ കണ്വാശ്രമവുമെല്ലാം ഇവിടെ നമ്മെ കാത്തുനില്ക്കുന്നു. മടക്കയാത്രയിലെ കല്ലിനും, മുള്ളിനും, ലതപ്പടർപ്പുകൾക്കും എന്തെന്തുകഥകളാവും നമ്മോടു പറയാനുള്ളത്. അവയുടെ മൗനം വാചാലമായിരുന്നെങ്കിൽ.

ജാനകിബായിചട്ടിയിൽ നിന്നും അടുത്ത ഹനുമാൻചട്ടിയിലേയ്ക്കു നടക്കുമ്പോൾ കൂടെ എത്തിയ സതിദേവി മുന്നേ നടക്കുന്നു. കുതിരയോട്ടത്തിൽ അവർ ഞങ്ങളെ പിന്തള്ളി. ക്ഷീണം തീർക്കാൻ അടുത്ത കടയിലെ ബഞ്ചിലിരുന്നു. വീണ്ടുമൊരു ചായ. ഉന്മേഷദായിയായ ചായ വീണ്ടും നമുക്കു നടക്കാൻ

കരുത്തുപകരുന്നു. അങ്ങിനെ നടന്നു തന്നെ അരകിലോമീറ്റർ ദൂരം പിന്നിട്ടപ്പോൾ സൈനാചട്ടിയിലെ നീലം ലോഡ്ജിൽ ചില സുഹൃത്തുക്കൾ എത്തിക്കഴിഞ്ഞിരുന്നു.

സന്ധ്യാവന്ദനത്തിനു മുമ്പായി വീണ്ടും ഒരു കുളി രാവിലെ കുളിച്ച അതേ കുളിർപ്പുഴയിൽ അതേ കടവിൽ. എങ്കിലും അരിച്ചിറങ്ങുന്ന തണുപ്പിന് അൽപം ശമനം ലഭിച്ചിട്ടുണ്ട്. മറ്റു സുഹൃത്തുക്കളും അപ്പോൾ കടവിൽ വന്നിരുന്നു. രാത്രി 7 മണിയ്ക്ക് പ്രാർത്ഥന കഴിഞ്ഞ് അടുത്ത ദിവസത്തെ യാത്രാ പരിപാടികളുടെ വിശകലനം. യമുനോത്രി യാത്രയുടെ കാഴ്ചകളും അനുഭവങ്ങളും പലരും പങ്കുവച്ചു. പലരേയും പലതലങ്ങളിലാണ് അത് സ്വാധീനിച്ചത്. അല്പം വൈകിവന്ന ചിലർക്ക് ടീം ലീഡറുടെ ചില്ലറഡോസുകൾ. നാളത്തെ യാത്രയ്ക്ക് രാവിലെ പുറപ്പെടണം. 90 കിലോമീറ്റർ അകലെയുള്ള ഉത്തരകാശിയ്ക്ക്. പരിപാടികൾ ഒരിക്കൽക്കൂടി വിശദീകരിച്ചു. രാത്രി 8 മണിയ്ക്ക് ഭക്ഷണം. നീലം ലോഡ്ജിൽ തന്നെ താവളം. പത്തുമണിയ്ക്ക് ലൈറ്റണഞ്ഞു. അടുത്തലക്കം ഉത്തരകാശി.

---

## പൊതുവിവരങ്ങൾ

### 1. സ്മരണാഞ്ജലി സന്ദേശം

“മൈത്രീഭാവന” എങ്ങനെ പ്രായോഗികമാക്കാം. നമ്മുടെ കുടുംബങ്ങൾ എങ്ങനെ ശാന്തികുടീരങ്ങൾ ആക്കാം. അതിനായി മൈത്രീഭവന നിർമ്മിതിയ്ക്ക് ഇപ്പോൾ ഇവിടെവച്ച് ആരംഭം കുറിക്കാം. ആദ്യമായി അതിനുള്ള നിലം – അതായത് മനസ്സ് ഒരുക്കുക. മനസ്സിലെ അഹങ്കാരം വെറുപ്പ് സ്വാർത്ഥത എന്നീ കുടികിടപ്പുകാരെ ഒഴിപ്പിക്കണം. ഇവർ മനസ്സിൽ വാഴുന്നിടത്തോളം കാലം ശാന്തിയും സമാധാനവും ഉണ്ടാവുകയില്ല. **മനുഷ്യനെ ഏറ്റവും കൂടുതൽ പീഡിപ്പിക്കുന്നത് അവന്റെ മനസ്സുതന്നെയാണ്. ക്രോധത്തെ ക്ഷമകൊണ്ടും വെറുപ്പിനെ കാരുണ്യംകൊണ്ടും കീഴടക്കാൻ പരിശീലിക്കണം.** ഇതുവരെ നാം നമ്മുടെ പ്രശ്നങ്ങൾക്ക് മറ്റുള്ളവരെ കുറ്റപ്പെടുത്തി നമ്മുടെ കഴിവ് തെളിയിച്ചി

ട്ടുണ്ട്. എന്നിട്ടും പ്രശ്നങ്ങൾ വർദ്ധിച്ചാണല്ലോ വരുന്നത്. ഇനി മറ്റൊരു വഴിനോക്കാം. നമ്മുടെ പ്രശ്നങ്ങൾക്ക് നമ്മൾ തന്നെ യാണ് ഉത്തരവാദി എന്ന് മനസ്സിലാക്കി പരോപകാരപ്രദമായി ജീവി ക്കുക. ആരെയും കുറ്റപ്പെടുത്തേണ്ട. മനസ്സിൽ മൈത്രീഭാവന തളിർത്ത് വരുമ്പോൾ എല്ലാ ദുർഗുണങ്ങളും ഒഴിഞ്ഞുപോകും. ആരെകാണുമ്പോഴും അവർ എനിക്ക് വേണ്ടപ്പെട്ടവരാണെന്ന ബോധം ഉള്ളിൽ തെളിഞ്ഞുവരും. എല്ലാവരിലും ഉള്ള നന്മ കാ ണുക. തിന്മ കണ്ട് ശീലിച്ചാൽ അകലങ്ങൾ വർദ്ധിച്ച് അനർത്ഥ ങ്ങൾ ഉണ്ടാകും. അടുത്ത വീട്ടുകാർ നമ്മെ അങ്ങോട്ട് കയറ്റിയി ല്ലെങ്കിൽ പോലും അവർ നമുക്ക് വേണ്ടപ്പെട്ടവരാണെന്ന് ഭാവന ചെയ്യുക. എന്റെ കാല് കല്ലിൽ തട്ടിയാൽ കണ്ണിനെ ആരെങ്കിലും കുറ്റപ്പെടുത്തുമോ? ശരീരാവയവങ്ങൾ ഒന്നായിരിക്കും പോലെ ഈ ഭൂമിയിൽ വസിക്കുന്ന നമ്മളെല്ലാം ഭൂമിക്കാരാണ്. എല്ലാവരും എന്റെ ബന്ധുക്കളാണെന്ന് ഭാവനചെയ്യുക. അപ്പോൾ അവരോട് താല്പര്യം തോന്നും. കാണുമ്പോൾ ഒന്ന് ചിരിക്കുക. കുശലം പറയുക. മനസ്സിൽ അന്തർലീനമായിരിക്കുന്ന സ്നേഹത്തിന്റെ ഉറവ ഇപ്പോൾ അടഞ്ഞ് കിടക്കുകയാണ്. മൈത്രീഭാവനകൊണ്ട് സ്നേഹം പുറത്തേക്ക് നിർഗളിക്കട്ടെ. അതോടെ നമ്മുടെ ടെൻഷൻ കുറയും. ജീവിതം ആനന്ദപ്രദമാകും. അതുതന്നെ പരസ്പരാനന്ദം.

## 2. പുതുവർഷപിറവി

ഡിസംബർ 31 പുതുവത്സരത്തിന് മുന്നോടിയായുള്ള മൈത്രീ സംഗമവും, മാനുഷിക ധ്യാനവും നീർക്കുന്നം കടപ്പു റത്ത് വൈകിട്ട് 5 മുതൽ 7 വരെ. ധ്യാനം കഴിഞ്ഞ് ധന്യയിൽ തിരിച്ചെത്തി ഒരു നിലാവ് സന്ധ്യയ്ക്ക് കളമൊരുക്കാം. പറമ്പിൽ ഒരു അടുപ്പുകൂട്ടി വല്ലതും വെച്ച്കഴിച്ച് മൈത്രീ ഭാവനയോടെ പുതുവർഷത്തെ വരവേൽക്കാം.

## 3. ആരണ്യ കാണ്ഡം

ഡിസംബർ രണ്ടാംവാരം ഒരു വനയാത്രയ്ക്ക് ദർശനം ഒരുങ്ങുന്നു. താല്പര്യമുള്ളവർ അറിയിക്കുക.

## 4. കേരള ഭൂഷണം

സ്മരണാഞ്ജലിയ്ക്ക് മുന്നോടിയായി കേരളഭൂഷണം പത്രം അച്ഛനെകുറിച്ച് സമഗ്രമായൊരു ലേഖനം ഞായറാഴ്ച പതിപ്പിൽ പ്രസിദ്ധീകരിച്ചു. ജോസുകുട്ടിയാണ് ലേഖകൻ ഇവിടെ വന്ന് അച്ഛന്റെ പുസ്തകങ്ങൾ ഒക്കെ കൊണ്ടുപോയി. അത് ഇത്രയും നല്ല ലേഖനമാകുമെന്ന് പ്രതീക്ഷിച്ചില്ല. അഭിനന്ദനങ്ങൾ.

## 5. ജെ.പി. വേളമാനൂർ

ശ്രീകലയും, ജെ.പി. വേളമാനൂരും. എന്ത് നടപ്പാണ് ഇവർ നടക്കുന്നത്. എന്ത് നല്ല സന്ദേശങ്ങളാണ് ഇവർ പ്രചരിപ്പിക്കുന്നത്. സ്മരണാഞ്ജലിയ്ക്ക് വന്നിരുന്നു. രാത്രി ഇവിടെവന്നുറങ്ങി രാവിലെ നടപ്പും തുടങ്ങി. അവർ യാത്രയിൽ കൊടുക്കുന്ന സന്ദേശം ഒന്ന് വായിച്ചുനോക്കുക.

1. പകയല്ല, ക്ഷമയാണ് ലോകസമാധാനത്തിനാധാരമെന്ന് ഓർമ്മിപ്പിക്കാൻ
2. വിശ്വമാനവികവീക്ഷണവും, മൈത്രീഭാവനയും വളർത്താൻ
3. ഭരണാധികാരികൾ യജമാനരല്ലെന്നും സേവകരാണെന്നും ഓർമ്മിപ്പിക്കാൻ
4. കുടിവെള്ളവും ശുചിത്വവുമുള്ള ശൗചാലയങ്ങൾ സൗജന്യമായി ലഭ്യമാക്കിക്കാൻ
5. മാതൃഭാഷ മാതാവിനോളം മഹത്വമുള്ളതെന്നോർമ്മിപ്പിക്കാൻ
6. കാൽനടയാത്രയും സൈക്കിൾയാത്രയും പ്രചരിപ്പിക്കാൻ
7. ജാതിമത-സ്ത്രീധന-ആർഭാടരഹിത വിവാഹവും ജീവിതവും പ്രചരിപ്പിക്കാൻ
8. പുസ്തക വായനയും കത്തെഴുത്തും റേഡിയോ കേൾക്കലും ശീലമാക്കിക്കാൻ
9. മദ്യം, പുകയില തുടങ്ങിയ ലഹരിവസ്തുക്കൾ നിരോധിപ്പിക്കാൻ

10. കീടനാശിനികളും രാസവളങ്ങളും പായ്ക്കുചെയ്ത ഭക്ഷണ പാനീയങ്ങളും വർജ്ജിപ്പിക്കാൻ
11. അന്ധവിശ്വാസ-ദുരാചാര നിർമ്മാർജ്ജനനിയമം കൊണ്ടുവരീക്കാൻ
12. പുഴകളും മലകളും നാടൻ വിത്തിനങ്ങളും കൃഷിഭൂമിയും സംരക്ഷിക്കാൻ
13. ഭരണാധികാരികളല്ല കർഷകരാണ് ആദരണീയർ എന്നറിയിക്കാൻ
14. ആരേയും പുഞ്ചിരിയോടെ സ്വാഗതം ചെയ്ത് പരിശീലിപ്പിക്കാൻ

2014 സെപ്റ്റംബർ 5ന് കാസർകോട് ആരംഭിച്ച് ഒക്ടോബർ 5ന് തിരുവനന്തപുരത്ത് സമാപിച്ചു.

## 6. പ്രതിമാസയോഗം

ഒക്ടോബർ 5ന് നീർക്കുന്നം ധന്യയിൽ സ്മരണാഞ്ജലിയുടെ അവലോകനം നടന്നു. പരിപാടികൾ പൊതുവേ നന്നായിരുന്നു. ആൾ അല്പം കുറഞ്ഞു. ദർശനത്തിൽ അറിയിപ്പുണ്ടായിരുന്നതല്ലാതെ വ്യക്തിപരമായി ആരെയും ക്ഷണിക്കാതിരുന്നതാണ് കാരണം എന്ന് അഭിപ്രായമുണ്ട്. ഭവനസന്ദർശനം സങ്കൽപംപോലെ വിജയിച്ചില്ല. വീടുകളിൽ ഒന്ന് കയറി ഇറങ്ങി പോന്നു. പത്രാധിപർക്ക് പങ്കെടുക്കുന്നവരെയെല്ലാം ഒന്ന് ശ്രദ്ധിക്കേണ്ട കടമയുണ്ട്. എന്നാൽ അത് നടക്കുന്നില്ല. പുള്ളിക്കാരന് അതിനുള്ള കഴിവില്ല. വരവ്ചിലവുകൾക്ക് വല്ലതിനും കണക്കുണ്ടോ? ഒന്നും ഇല്ല മടിശ്ശീലയിൽ നിന്ന് ലഭിക്കുന്നതുകൊണ്ട് കാര്യങ്ങൾ നടന്നുപോകുന്നു. അത്രതന്നെ. ദർശനം കിട്ടാൻ താമസം വന്നാൽ നോക്കിയിരിക്കാതെ കൈയിലിരിക്കുന്ന ഒരു ദർശനം തപ്പിയെടുത്ത് വായിച്ചുകൊള്ളുക. അച്ഛന്റെ ആശയങ്ങളുടെ പുതുമ വായിക്കുംതോറും വർദ്ധിക്കുന്നതിനാൽ ഇതും പുതുയ ലക്കംതന്നെ.

## 7. ക്ഷേമാന്വേഷണങ്ങൾ

സ്മരണാഞ്ജലിയ്ക്ക് വരാനിരുന്ന കേണൽ സാരസാക്ഷനും കുടുംബത്തിനും വരാനായില്ല. മകൻ നാണുവിന് കാലിന് ഒരു പരിക്ക് പറ്റി ആശുപത്രിയിലായിരുന്നു എന്ന് ഗീതചേച്ചി വിളിച്ചറിയിച്ചു. തിരുവനന്തപുരത്ത് നിന്നും ശ്രീകുമാരി ചേച്ചി ചേട്ടന് സുഖമില്ലാതിരിക്കുന്നതിനാൽ അങ്ങോട്ട് വരാൻ നിവർത്തിയില്ല, മാനുഷിക ധ്യാനത്തിലൂടെ നമ്മുടെ പരിപാടികളെല്ലാം കാണുന്നു എന്നറിയിച്ചു. ശ്രീ. പരിമേശ്വരശർമ്മ, ജോർജ്ജ് മൂലേച്ചാലിൽ, സുരേഷ് ബാബു പുനലൂർ, ബസുമ, എബി ഇമ്മാനുവൽ തുടങ്ങി പലരും വരാൻ ആഗ്രഹിച്ചിരുന്നു എങ്കിലും അവരുടെ കർമ്മ മണ്ഡലങ്ങൾ വിട്ട് ഇങ്ങോട്ട് വരാൻ കഴിഞ്ഞില്ല എന്നറിയിച്ചു. സ്വന്തം തട്ടകത്തിൽ നിന്ന് അവരവരുടെ പണിയെടുക്കൂ അതാണ് ദർശനത്തിന്റെ വഴി. എല്ലാവരുംകൂടി ഇങ്ങോട്ട് വന്നിട്ട് എന്ത് ചെയ്യാനാണ്. ദർശനം കിട്ടി അത് വായിച്ച് ധ്യാനിക്കുമ്പോൾ കുറുപ്പുസാറിന്റെ ഹാജർബുക്കിൽ പേര് തെളിഞ്ഞുവരും.

## 8. ഭാവിലോകം

പുതിയലോകം പുതിയവഴി പ്രസിദ്ധീകരിച്ച സായാഹ്ന നെറ്റ്‌വർക്ക് എന്ന കൂട്ടായ്മ ഇതാ അച്ഛന്റെ ഭാവിലോകം എന്ന പുസ്തകവും പ്രസിദ്ധീകരിക്കുന്നു. വെബ്സൈറ്റ് ഐഡി www.sayahna.org “ഞാനീ മനുഷ്യനെ വിശ്വപൗരൻ എന്ന് വിളിക്കട്ടെ എന്ന് സുകുമാർ അഴീക്കോട് പ്രഖ്യാപിച്ചപ്പോൾ വിശ്വത്തിൽ എവിടെയിരുന്നും ഈ പുസ്തകങ്ങൾ വായിക്കാൻ കഴിയും എന്ന് കരുതിയോ? ദർശനം ഇ-മെയിലായി ലഭിക്കുവാൻ 9400018175 എന്ന നാരായണൻനായരുടെ നമ്പരിലേക്ക് ഇ-മെയിൽ ഐഡി അയച്ചുകൊടുത്താൽ മതി

## 9. കലണ്ടർ

2015 ലെ ദർശനം കലണ്ടർ നമ്മുടെ പ്രസ്സിൽ ബാബു തയ്യാറാക്കുന്നുണ്ട്. സാധാരണ കലണ്ടർതന്നെ. കുറുപ്പുസാറിന്റെ സന്ദേശവും ചിത്രവും ഉൾപ്പെടുത്തിയിട്ടുണ്ട്.

## കൊച്ചുവർത്തമാനം

# അതിർത്തി ലംഘിക്കരുത്

ദർശനത്തിന് പല രോഗങ്ങൾ ഇപ്പോഴുണ്ട്, അതിൽ പ്രധാനമാണ് ബലക്ഷയം. വൈദ്യരെ കണ്ട് കായകല്പ ചികിത്സവല്ലതും ചെയ്യണം. പിന്നെ വർഷംതോറുമുള്ള കാട്ടിൽപോക്ക്. ഒരിക്കൽ ഒരു വനയാത്രയിൽ ഞങ്ങൾക്ക് ക്ലാസ്സെടുത്തുകൊണ്ടിരുന്ന ഡോ: ജിജി ജോസഫ് രാജവെമ്പാലയുടെ സവിശേഷതകളെ കുറിച്ച് പറഞ്ഞു. നാം അതിന്റെ വാസസ്ഥലത്ത് ചെന്നാൽ അത് നന്നായി ഉയർന്നുപൊങ്ങി പത്തിവിടർത്തി ശക്തിയായി ചീറ്റും. കടിയ്ക്കുകയില്ല അതിന്റെ സന്ദേശം ആദിവാസികൾക്കും വന്യജീവികൾക്കും നിശ്ചയമുണ്ട്. ഇത് എന്റെ അതിർത്തിയാണ്. ലംഘിച്ച്വരരുത്. രാജവെമ്പാലഎന്നാണ് ഇഷ്ടന്റെ പേര്. "പ്രജവെമ്പാല"എന്നല്ല. രാജാവ് അകാരണമായി തന്റെ പ്രജകളെ കൊത്തില്ല. അതിർത്തി ലംഘിച്ചുചെന്നാൽ കൊത്തും. കൊത്തുകൊണ്ടാൽ ആനയാണെങ്കിലും ചരിയും. മൂർഖൻപാമ്പ്കൊത്തിയാൽ ആനയ്ക്ക് ഒന്ന് ചൊറിയും അത്രതന്നെ. നമ്മളും നമ്മുടെ അതിർത്തി ലംഘിക്കുരുത്.

ചിന്തകളും വാക്കും പ്രവൃത്തിയും വളരെ ശ്രദ്ധിക്കണം അനാവശ്യചിന്തകൾ നമ്മെ വഴിതെറ്റിക്കും വിഡ്ഢിത്തങ്ങൾ പൂർണ്ണശരിയെന്ന് തോന്നി ചെയ്യാൻ ഇടയാക്കും. നാം നമ്മളെയും ചുറ്റുപാടുകളേയും ബുദ്ധിപൂർവമായ നിയന്ത്രണത്തിലൂടെ നോക്കികാണണം. എല്ലാ കർമ്മങ്ങൾക്കും അതിർത്തിഉണ്ട്. ക്ഷമയ്ക്കും കാരുണ്യത്തിനും മാത്രം ഒരു അതിർത്തിയും ഉണ്ടാവരത്. ഭക്ഷണത്തിന് അതിർത്തി അത്യാവശ്യമാണ്. നാലിൽഒന്ന് ഭാഗം വായൂസഞ്ചാരത്തിന് അനുവദിക്കുക. വയറുനിറയെ ഒരിക്കലും ഭക്ഷിക്കരുത്. അമിതഭക്ഷണമാണ് രോഗങ്ങളുടെ മുഖ്യകാരണം രോഗാണുക്കളല്ല. ഇന്ദ്രിയങ്ങൾക്ക് വാനരസ്വഭാവമായതിനാൽ അവ അടങ്ങിയിരിക്കുകയില്ല. ആവശ്യമില്ലാത്തത് കാണണം, കേൾക്കണം, പറയണം, ചെയ്യണം, ഇതിന്റെയൊക്കെ

ഭവിഷത്തുകളെ കുറിച്ച് ചിന്തിച്ച് ജാഗ്രത പാലിക്കണം.

നാം അധിവസിക്കുന്ന ചൈതന്യവത്തായ ഈ ഭൂമി മനുഷ്യന്റെ ചൂഷണംകൊണ്ടും മലിനീകരണംകൊണ്ടും സഹികെട്ട് ഇടയ്ക്കിടയ്ക്ക് ദുരന്തങ്ങളായും രോഗങ്ങളായും പ്രതികരിക്കുന്നുണ്ട്. നാം അത് തിരിച്ചറിയണം. അതിർത്തി ലംഘിക്കരുത്. നമുക്ക് ഈ ഭൂമിയും ഇതിലെ സുന്ദരമായ കാഴ്ചകളും കാഴ്ച ബംഗ്ലാവും ഒക്കെ കാണാം. മൃഗങ്ങളെ കണ്ട് അവയുടെ ചേഷ്ടകൾ കണ്ട് ആനന്ദിക്കാം. അവ മനുഷ്യരെ പോലെ ദുഷ്ട മൃഗങ്ങളല്ല. വിശക്കുമ്പോൾ ഇരയെ പിടിച്ച് തിന്നുന്നു. വൈരാഗ്യം കൊണ്ടുള്ള കൊല മനുഷ്യരുടെ ഇടയിൽ മാത്രം  കുരങ്ങുകൾ ഒരു കമ്പിൽ നിന്ന് മറ്റൊരു കമ്പിലേയ്ക്ക് മാത്രമാണ് ചാടുന്നത്. മനുഷ്യന്റെ ചാഞ്ചാട്ടം അതിൽ എത്രയോ വലുതാണ്. എല്ലാ അതിർത്തികളും അവൻ ഭേദിക്കും. കടുവാകൂട്ടിലേയ്ക്ക് അതിർത്തി ലംഘിച്ച് ചെന്ന വിദ്യാർത്ഥിയുടെ അനുഭവം എത്ര ദയനീയമായിരുന്നു. കടുവയെ കല്ലെറിഞ്ഞ് പ്രകോപനം കൂടി ഉണ്ടാക്കിയപ്പോൾ അത് ഭയന്ന് ആക്രമിച്ചു. “കരളിൽ വിവേകം കൂടാതെ കണ്ടരനിമിഷം ബത കളയരുതാരും.”

മഹാത്മജി ഒരിക്കൽ ഡൽഹിയിലെ ഒരു ചർച്ചാവേളയിൽ ഇരുന്ന് സംസാരിക്കുകയായിരുന്നു. നല്ല തണുപ്പുള്ള അന്തരീക്ഷം. “അർദ്ധ നഗ്നനായ ഫക്കീർ” ഇരുന്ന് വിറയ്ക്കുകയാണ് ഇത് കണ്ട് കസ്തൂർബ പുറത്ത് ഉണക്കാനിട്ടിരുന്ന ഒരു കമ്പിളി പുതപ്പെടുത്ത് പുതപ്പിച്ചു. ഈ തണുപ്പത്ത് ചൂടിനായി കമ്പിളിയുടെ മടക്കിനുള്ളിൽ കയറിഇരുന്ന പാമ്പിന് സംഭവം പിടികിട്ടിയില്ല അത് പുറത്തോട്ടിറങ്ങി ഗാന്ധിജിയുടെ തോളിൽ കയറി രംഗം ഒന്ന് വീക്ഷിച്ചു. ഇത് കണ്ട് ആൾക്കാർ കൂവി വിളിച്ചു. ബാപ്പു അങ്ങയുടെ തോളത്ത് പാമ്പ് ബാപ്പു ശാന്തനായിരുന്നു. നിങ്ങളവിടെ ഇരിക്കുക, പ്രകോപനം ഉണ്ടാക്കരുത്. ഞങ്ങൾ തമ്മിൽ പ്രശ്നം ഒന്നും ഇല്ല അതങ്ങ് പോയ്ക്കൊള്ളും. പാമ്പിഴഞ്ഞ് പറമ്പിലേയ്ക്ക് പോയി. ആശ്രമപരിസരത്ത് ധാരാളം പാമ്പുകൾ ഉണ്ടായിരുന്നു എന്ന് ബാപ്പു പറഞ്ഞിട്ടുണ്ട്. ഒരിക്കൽ പോലും ആരും

പാമ്പിനെ ഉപദ്രവിച്ചിട്ടില്ല. ആരേയും പാമ്പും കടിച്ചിട്ടുമില്ല.

ജന്തുക്കൾ പൊതുവേ അവയുടെ ജീവതചക്രത്തിലൂടെ പ്രകൃതിയോട് ഇണങ്ങി താളാത്മകമായി ജീവിക്കുന്നു. അതിർത്തി ലംഘനം ഇല്ല. പ്രകൃതി മലിനമാക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നില്ല. കൂടി വന്നാൽ അടുത്ത പറമ്പിൽ പോയി ഒരു കപ്പമാന്തി തിന്നും. അല്ലാതെ ഭൂമി തുരന്ന് ഭൂകമ്പം ഉണ്ടാക്കുന്നില്ല. എന്നാൽ നമ്മളോ ആർക്കും ഒരു ദ്രോഹവും ചെയ്യാത്ത പുഞ്ചിരിക്കുന്ന കുട്ടികളെ തന്റെ കൂട്ടത്തിൽ പെട്ടവനല്ലന്ന് കരുതി വെടിവെച്ചുകൊല്ലുന്നു. ദേവാലയങ്ങൾ നിർമ്മിക്കുന്നു. അത് പൊളിക്കുന്നു. അവിടെ പ്രാർത്ഥിക്കുന്നവരെ മതത്തിന്റെ പേരിൽ വധിക്കുന്നു. നാം തന്നെ നിർമ്മിക്കുന്ന രാഷ്ട്രാതിർത്തിയിലൂടെ നുഴഞ്ഞ് കയറുന്നു. യുദ്ധം നടത്തുന്നു. ഇതിന്റെയൊക്കെ ഫലമായി ജഗദീശ്വരൻ സൃഷ്ടിച്ച അതി മനോഹരമായ ഈ ഭൂമി കണ്ണീരും രക്തവുംകൊണ്ട് കുതിരുന്നു. എല്ലാ ജീവജാലങ്ങൾക്കും സമൃദ്ധിയോടെ ജീവിക്കാനുള്ള വക പ്രകൃതി ഇവിടെ ഒരിക്കിയിട്ടുണ്ട് എന്നാൽ മനുഷ്യന്റെ അഹങ്കാരത്തിനും ആർത്തിക്കും ഒരു അതിരും ഇല്ലല്ലോ.

രാമായണ കഥയിൽ പൊൻമാനിനെ പിടിക്കാൻ പോയ ശ്രീരാമനെ അന്വേഷിച്ച് ലക്ഷ്മണൻ പോകുന്ന ഒരു രംഗം ഉണ്ട്. പോകാൻ നേരം സീതാദേവിയുടെ സുരക്ഷയ്ക്കായി ലക്ഷ്മണൻ അമ്പുകൊണ്ട് ആശ്രമത്തിന് ചുറ്റും ഒരു വരവരയ്ക്കുന്നു. രാക്ഷസൻമാരുള്ള കാടാണ് ദേവി പുറത്തിറങ്ങരുത് എന്നറിയിക്കുകയും ചെയ്തു. എന്നാൽ ഭിക്ഷുവേഷത്തിൽ വന്ന രാവണനെ കണ്ട് ഭയപ്പെടാനില്ലല്ലോ എന്ന് കരുതി ദേവി ലക്ഷ്മണരേഖ ലംഘിച്ച് രാവണനെ സ്വീകരിച്ചു. ഫലമോ രാവണൻ പിടിച്ചുകൊണ്ടു പോയി. സീതയ്ക്ക് രാമനെ നഷ്ടമായി. നമ്മുടെ സംസ്ക്കാരവും ആചാരമര്യാദകളും തീർത്ത സുരക്ഷിതമായ ലക്ഷ്മണരേഖ ഭേദിച്ച് താല്ക്കാലിക സുഖങ്ങൾക്കുപിന്നാലെ ജനം ഇന്ന് നെട്ടോട്ടമോടുന്നു. ഇന്ന് മനുഷ്യൻ അനുഭവിക്കേണ്ടിവരുന്ന ദുരന്തങ്ങളുടെ മുഖ്യകാരണം നിയന്ത്രണമില്ലാതെ

സുഖംതേടിയുള്ള ഈ അപഥ സഞ്ചാരമാണ്. വിദ്യാഭ്യാസകാലം പഠനത്തിനും വിനോദത്തിനും മാത്രമല്ല ബ്രഹ്മചര്യവും അനുഷ്ഠിക്കേണ്ട കാലഘട്ടമാണ്. മദ്യത്തിനും ലഹരിമരുന്നുകൾക്കും എതിരെ ഗർജ്ജിക്കേണ്ട പ്രായം. ആൺകുട്ടികളും പെൺകുട്ടികളും സുരക്ഷിതമായ അതിർത്തിക്കുള്ളിൽ നിന്ന് സന്തോഷമായി ഒന്നിച്ച് പഠിക്കേണ്ടകാലം, മാതാപിതാക്കളുടെ നിയന്ത്രണത്തിലായിരിക്കേണ്ടകാലം.  ഇത് എത്ര പേർക്ക് ഇന്ന് കഴിയുന്നു. ഈ അതിർത്തി ലംഘനം സംഭവിച്ചവരെ തിരുത്താനായി ചിലപ്പോഴൊക്കെ എനിക്ക് പോകേണ്ടിവന്നിട്ടുണ്ട്. തെറ്റായ ചിന്തകൾ തുടക്കത്തിൽ തടയുകയാണ് എളുപ്പം. ചിന്തകൾ വാക്കായി പ്രവൃത്തിയായി മാറികഴിഞ്ഞാൽ ദൂരീകരിക്കാൻ പ്രയാസമാണ്. പിന്നെ മാതാപിതാക്കളുടെ കണ്ണീരിന്റെ തോരാത്തമഴ ഇതൊന്നും ആരും കാണാതിരിക്കരുത്. കാലചക്രം നിശ്ചലമല്ല. കറങ്ങിക്കൊണ്ടാണ് ഇരിക്കുന്നത്.

നമ്മുടെ യുവ തലമുറ പാശ്ചാത്യ സംസ്ക്കാരത്തെ അന്ധമായി അനുകരിക്കാൻ ശ്രമിക്കുന്നു. ഇത് സ്വാതന്ത്ര്യമല്ല. ഓരോരുത്തരും അവരവരുടെ നിയന്ത്രണമില്ലാത്ത മനസ്സിന് പിന്നാലെ പായുന്നു. ഇന്ദ്രിയങ്ങളുടെ പുറകെ പോകുമ്പോഴാണ് കുഴപ്പങ്ങൾ. ആത്മാവിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിച്ചപ്പോഴാണ് ഭൂമിയിൽ പ്രകാശം പരത്തിയ മഹാത്മാക്കൾ ആവിർഭവിച്ചത്. മനോനിയന്ത്രണം കൊണ്ട് ലജ്ജാലുവായ എം.കെ.ഗാന്ധി മഹാത്മാഗാന്ധിയായിപരിണമിച്ചതും ശുദ്ധോദനന്റെ പുത്രനായ ഗൗതമൻ ബുദ്ധനായതും ബദലഹേമിലെ മറിയയുടെ പുത്രൻ പുണ്യപുരുഷനായ യേശുവായതും ഇതേ മാർഗ്ഗത്തിലൂടെയാണ്. ദൈവഭക്തനായിരുന്ന മുഹമ്മദ് നബിയുടെ അന്തരംഗത്തിൽ മഹത്തായ അദ്ധ്യാത്മിക ആശയങ്ങൾ ഉത്ഭവിച്ചതും ഈ മനോനിയന്ത്രണംകൊണ്ടുതന്നെ. നാം ഏതു മാർഗ്ഗമാണ് പിൻതുടരേണ്ടത്. ഇന്ന് സമൂഹത്തിൽ യുവജനങ്ങളെ വഴിതെറ്റിക്കുന്ന സ്വയം വഴിതെറ്റിയ ഒട്ടേറെ പേർ ഉണ്ട്. അവരുടെ പ്രചരണങ്ങൾ ചുംബന സമരത്തോളം നീണ്ടുവരുന്നു. നാം ഇവിടെ കുട്ടികൾമാത്രമല്ല മാതാവും പിതാവും സഹോദരങ്ങളുമുണ്ട്. അനുരാഗത്തിനപ്പുറം

പരിശുദ്ധസ്നേഹത്തിന്റെ കൊടുമുടിയിലേക്ക് കയറി സുന്ദരമായ കാഴ്ചകൾ ഒരുപാട് കാണാനുണ്ട്. അതെല്ലാം നശിപ്പിച്ച് ലക്ഷ്യ ബോധമില്ലാത്ത ഒരു യുവതലമുറയല്ല ഇവിടെ ഉണ്ടായിവരേണ്ടത്. ധർമ്മത്തിന് നിലനിൽക്കാൻ ഹിംസയുടെ കൂട്ടും ആവശ്യമില്ല. നമ്മുടെ സംസ്ക്കാരത്തിൽ ഉറച്ച് നിന്ന് മനസ്സിനെ ബുദ്ധിപൂർവ്വം നിയന്ത്രിച്ച് എല്ലാവരേയും സ്നേഹിക്കുമ്പോഴാണ് നാം സ്വത ന്ത്രരാകുന്നത്. ഡ്രൈവിംഗ് പഠിച്ചാൽ അതിന്റെ നിയമത്തിലൂടെ വേണം വാഹനം ഓടിക്കുവാൻ. ഓരോ നാട്ടിലും ഓരോ സംസ്ക്കാരമുണ്ട് പാശ്ചാത്യസംസ്ക്കാരത്തിൽ ഇഷ്ടമുള്ള വസ്ത്രം ധരിക്കാം. അത് കൂടുതലും കുറവും ആകാം. മുടിയിലും ശരീരത്തിലും പലവിധ മേയ്ക്കപ്പുകൾ നടത്താം. ആൺപെൺ വ്യത്യാസമില്ലാതെ ആരുമായും കൂട്ടുകൂടാം. വേണ്ടത്ര സമ്പത്തും ഉണ്ട്. എന്നിട്ടും  ശാന്തിലഭിക്കാതെ സമാധാനത്തിനായി അവർ ഭാരതസംസ്ക്കാരത്തെ ആശ്രയിക്കുന്നു. ജനസേവനത്തിലും നിയ മവ്യവസ്ഥയിലും ശുചിത്വത്തിലും നമ്മെളേക്കാൾ പാശ്ചാത്യർ എത്രയോ മുന്നിലാണ്. ഒരു ഓഫീസിൽ ചെന്നാൽ നമുക്കെന്ത് സഹായമാണ് ചെയ്തു തരേണ്ടത് എന്ന് ചോദിച്ച് നന്ദിപോലും പ്രതീക്ഷിക്കാതെ സത്യസന്ധതയോടെ അവർ അത് ചെയ്ത് തരുന്നു. ഇതാണ് നാം അനുകരിക്കേണ്ടത്. നമ്മുടെ നാടിന്റെ ഭരണവ്യവസ്ഥ എത്രയോ കഷ്ടമാണ്.  ജീവിതപ്രശ്നങ്ങളുമായി ഓഫീസുകളിലും കോടതികളിലും പോലീസ് സ്റ്റേഷനിലും ഒക്കെ കയറിഇറങ്ങി സാധാരണ ജനം വലയുന്നു.

നാം കൂടുതൽ ബോധവാന്മാരാകേണ്ടതുണ്ട്. നമ്മളെപോലെ ജീവിക്കാൻ അധികാരമുള്ള കഷ്ടത അനുഭവിക്കുന്ന ഒരു സമൂഹം ഇവിടെയുണ്ട്. അവരെ മറന്ന് സുഖമായി ജീവിക്കുവാൻ ആർക്കും ഇവിടെ സാധിക്കുകയില്ല. പ്രകൃതി ആകെ കൊടുക്കൽ വാങ്ങൽ പ്രക്യയയിലൂടെയാണ് നിലനിൽക്കുന്നത്. മനുഷ്യനത് തെറ്റിച്ചാൽ പ്രകൃതി അതിന്റെ സന്തുലിതാവസ്ഥ വീണ്ടെടുക്കും. കടുത്ത നടപടികൾ ഉണ്ടാകും. സാധാരണ പേരിടീൽ കർമ്മം വീട്ടിൽ ഒരു ഉണ്ണി ഉണ്ടാകുമ്പോഴാണ് വഴിതെറ്റിയാൽ ഭൂകമ്പ

ത്തിനും ചുഴലികാറ്റിനും പുതിയ പുതിയ രോഗങ്ങൾക്കും പേരിടേണ്ടിവരും. അതാണ് ഇന്ന് ചെയ്യുന്നത്. ഭൂമിക്കാരായ നമ്മൾക്കെല്ലാം സന്തോഷമായി ജീവിക്കുവാൻ എന്താണോ വേണ്ടത് അതുനാം ചെയ്യണം ഓരോരുത്തരും പൂർണ്ണ സ്വാതന്ത്ര്യത്തിലേയ്ക്ക് ഉണരുക. ഈ ലോകത്തെ ഒന്നായികാണുക. വ്യത്യസ്തമായ വിചാരധാരകളെ തന്റേതെന്നതുപോലെ ആദരവോടെ കാണുക. തന്റെ വീക്ഷണം മാത്രം ശരി മറ്റുള്ളതെല്ലാം തെറ്റ് എന്ന ചിന്ത ദൈവികമോ മാനുഷികമോ അല്ല. മനുഷ്യൻ അവന്റെ കർത്തവ്യങ്ങൾ ശരിയായി നിർവ്വഹിക്കുക. ദൈവത്തിന്റേത് ദൈവം ചെയ്തുകൊള്ളും. അതിർത്തി ലംഘിക്കരുത്. ഭാരതം അതിന്റെ അതിർത്തി ലംഘിച്ച് ഒരു രാജ്യത്തേയും ആക്രമിച്ചിട്ടില്ല. ഭാരതീയരും പരസ്പരം സ്നേഹാദരങ്ങളോടെ പെരുമാറുക. എല്ലാചിന്താധാരകളും ഒരേസത്യത്തിൽ നിന്നുതന്നെ ഉത്ഭവിച്ച് ഓരേ ലക്ഷ്യത്തിലേയ്ക്കാണ് പോകുന്നത്. മനുഷ്യന്റെ ബാഹ്യപ്രകൃതി വ്യത്യസ്ഥമാണെങ്കിലും ഉള്ളിലെ സത്ത ഒന്നായിരിക്കുന്നതുപോലെ മതങ്ങളിൽ കാണുന്ന ബാഹ്യമായ ആചാരവ്യത്യാസങ്ങൾക്കപ്പുറം “ഏകം സത്വിപ്രാബഹുധാവദന്തി” ഒരേ ഒരു സത്യത്തെ വിദ്വാൻമാർ പലരീതിയിൽ വ്യാഖ്യാനിക്കുന്നു. “സമത്വം യോഗ ഉച്യതേ” സമഭാവനയാണ് ഏറ്റവും വലിയ യോഗം. അതുപാലിച്ച് വളർത്തിയെടുത്താൽ ചിന്തയിലും വാക്കിലും പ്രവർത്തിയിലുമുള്ള നമ്മുടെ അതിർത്തി ലംഘനം അവസാനിക്കും. അതോടെ പരസ്പരം സ്നേഹിച്ച് അച്ഛൻ പറയും പോലെ നമുക്കെല്ലാവർക്കും ചേർന്ന് ക്രിസ്തുമസ് ആഘോഷിക്കാം, ഹജ്ജിനുപോകാം, കുംഭമേളയും നടത്താം. എന്താ കുഴപ്പം. അഹിംസാ മാർഗ്ഗത്തിലൂടെ മനുഷ്യൻ അവന്റെ സാമൂഹിക ധർമ്മം നിർവ്വഹിക്കണം. പരസ്പര സ്നേഹവും സേവനവും കൊണ്ട് ഒരു തലമുറ രൂപപെട്ട് വരുമ്പോഴാണ് ദർശനത്തിന്റെ സ്വപ്നമായ പരസ്പരാനന്ദജീവിതം ഉടലെടുക്കുന്നത്. അതിനുള്ള ചുവടുവെയ്പ്പാവട്ടെ നമ്മുടെ അടുത്ത പ്രഭാതം. ജയ്ജഗത്.

# കത്തുകൾ മുത്തുകൾ

1

പ്രിയ രാധാകൃഷ്ണൻ ചേട്ടന്,

നന്മനേരുന്നു. പങ്കജാക്ഷൻമാഷ് ഉണ്ടായിരുന്നപ്പോൾ പലപ്രാവശ്യം ക്യാമ്പിനും അല്ലാതെയും അവിടെ വന്നിട്ടുണ്ട്. ഒരു പകൽ മുഴുവൻ സാറുമായി സംവാദിക്കാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. എന്റെ ഒരുപാട് അവ്യക്തതകൾ നീങ്ങികിട്ടാൻ അതുസാഹായിച്ചിട്ടുണ്ട്. 1999ൽ അവിടെ വന്നപ്പോൾ ഞാൻ അഡ്രസ് എഴുതിയ 2 കാർഡുകൾ അവിടെവച്ചു മറന്നുപോയത് പിറ്റെ ആഴ്ചതന്നെ പങ്കജാക്ഷൻസാർ ഒരു കവറിൽ അയച്ചുതന്നു അതിൽ അമൂല്യമായ ഒരു കത്തും ഉണ്ടായിരുന്നു. ആ കത്ത് ഇതിനോടൊപ്പം എഴുതിചേർക്കുന്നു. ഇങ്ങനെ പലർക്കും എഴുതിയ കത്തുകൾ വ്യക്തിപരമല്ലാത്തഭാഗം അയച്ചുതരാൻ ആവശ്യപ്പെട്ടാൽ അയച്ചുതരുമല്ലോ അവ ദർശനത്തിൽ പ്രസിദ്ധീകരിച്ചാൽ വായനക്കാർക്ക് പ്രയോജനപ്പെടുമെന്ന് തോന്നുന്നു. കത്തുകൾ മുത്തുകൾ എന്ന ടൈറ്റിലായാലോ? ആലോചിച്ചുനോക്കുക. ഒരു നിർദ്ദേശം മാത്രമാണിത് (15 വർഷം മുമ്പെഴുതിയ ആ കത്തിന്റെ പകർപ്പ് ഇതിനൊപ്പം) ഇത്രമാത്രം.

നന്മവരാൻ പ്രാർത്ഥിച്ചുകൊണ്ട്

**പവിത്രൻ വടകര,** ശാദ്വലം,

09.10.2014 ഏറാമല 673501, കോഴിക്കോട് ജില്ല

ഫോൺ : 9496025654

ആത്മമിത്രമേ,

ഞാനെത്ര ആലോചിച്ചിട്ടും ഉപരിതലത്തിൽ നിന്നുതുടങ്ങി രക്ഷപ്രാപിക്കാനുള്ള ഒരു വഴിയും കാണുന്നില്ല. എന്റെ വിചാരം ഒരു ഭ്രമമായിരിക്കുമോ എന്ന് ഞാൻ സംശയിക്കുന്നുമുണ്ട്, എന്തുകൊണ്ടാണെന്നോ? നമ്മുടെ മഹാബുദ്ധിമാന്മാരും മനുഷ്യസ്നേ

ഹികളുമായവരിൽ ആരിലും ഞാൻ കാണുന്ന ഈ അടിസ്ഥാന മോചന മാർഗ്ഗത്തെപ്പറ്റി സജീവ വിചിന്തനം നടക്കുന്നതായി കാണുന്നില്ല.

ഈ ഭീമാകാരങ്ങളായ ഭരണകൂടങ്ങളും നാണയവ്യവസ്ഥയും നിലനിർത്തിക്കൊണ്ടാണ് പലരും ചിന്തിക്കുന്നത്. അതിനെ കൊഴിച്ചുകളഞ്ഞുകൊണ്ട് മനുഷ്യബന്ധത്തിലും, പ്രാദേശിക കൂടിയാലോചനയിലും തുടങ്ങുന്ന ഒരു പരിഹാര പ്രക്രിയയുടെ പ്രസക്തി എങ്ങും പറഞ്ഞുകേൾക്കുന്നില്ല. ഈ ദീർഘകാല പദ്ധതികൾ ലക്ഷ്യംവച്ചുകൊണ്ട് വർത്തമാനകാല പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടേ? അതിൽ ശ്രദ്ധിക്കാതെ വന്നാൽ കൂടുതൽ കുരുങ്ങും എന്നാണെന്റെ തോന്നൽ. എന്തോ.. സത്യം ആർക്കറിയാം

03.06.1999.

---

**കുറുപ്പുസാറിന്റെ 10–ാം സ്മരണാഞ്ജലിയ്ക്ക് സാറിന്റെ തന്നെ 10 ചോദ്യങ്ങൾ ഇവിടെ കൊടുക്കുന്നു. നമുക്ക് അത് പഠിച്ച് ചർച്ചചെയ്യാം.**

1. പരസ്പരം വേണ്ടപ്പെട്ടവർ എന്ന ഭാവം സർവ്വരിലും വളർത്തിക്കൊണ്ട് വരികയല്ലേ അന്യോന്യജീവിതത്തിന്റെ ആദ്യപടി. ഇത് അംഗീകരിക്കുന്നവർ സ്വയം ഈ നിമിഷം മുതൽ അതിനുള്ള പരിശീലനം തുടങ്ങണ്ടേ?
2. ഇന്നുള്ള ജാതി-മത-കക്ഷി വിഭാഗിയതകളെ എതിർക്കാതെയും തെറ്റുകുറ്റങ്ങളോടുകൂടി പരസ്പരം ഉൾകൊണ്ടും സാവധാനം സമൂഹത്തിൽ അന്യോന്യതാബോധം വികസിപ്പിച്ചുകൊണ്ടു വരികയല്ലേ ഇതിലേക്കുള്ള നേർവഴി?
3. അന്യോന്യതാസംസ്കാരം വളർത്തിയെടുക്കുന്നതിന് തറക്കൂട്ടം നല്ലതല്ലേ. ദിവസേന അരമണിക്കൂറെങ്കിലും

അയൽക്കാർ വീടുകളിൽ മാറിമാറി കൂടിയിരുന്ന് ശീലിക്കുവാൻ സന്നദ്ധരായാൽ അത് ഭൂമിയെ പ്രകാശമാനമാക്കുവാനുള്ള കൈത്തിരികളാവില്ലേ?

4. ഇതു സാധിക്കുന്നതിനുള്ള മുഖ്യപ്രതിബന്ധങ്ങൾ ഏവ? ഈ പ്രതിബന്ധങ്ങൾ നിലനിൽക്കത്തന്നെ നമുക്ക് കൂടി തുടങ്ങാൻ കഴിയേണ്ടതല്ലേ? കൂടുന്നതിനനുസരിച്ച് പ്രതിബന്ധങ്ങൾ ഒഴിഞ്ഞുപോകില്ലേ?

5. വീട്ടിൽ അംഗങ്ങൾ തമ്മിൽ സ്വരലയത്തോടെ കഴിയുവാൻ ഓരോരുത്തരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? ഒന്നിച്ചിരുന്ന് തുറന്ന് സംസാരിക്കൽ വീട്ടിലും ആവശ്യമല്ലേ?

6. പരസ്പരം സംരക്ഷിച്ച് ജീവിക്കേണ്ട വർഗമല്ലേ മനുഷ്യവർഗം. ഒറ്റയ്ക്ക് ജീവിക്കുവാൻ നമുക്ക് ആവില്ലല്ലോ. ഇനിയും ഭരണകൂടങ്ങൾ നമ്മെ രക്ഷിച്ചുകൊള്ളും എന്ന് കരുതുന്നത് ബുദ്ധിയാണോ?

7. കയ്യിൽ വരുന്നതിന്റെ പങ്ക് ആർക്കെങ്കിലും കൊടുക്കാൻ സന്തോഷമാണോ? കൊടുക്കാറുണ്ടോ?

8. കൂടിയാലോചനയിൽ നിന്നും സാമൂഹ്യപരിവർത്തനം സാധിക്കാവുന്നതല്ലേ. അതല്ലേ നേർവഴി? വിശ്വവീക്ഷണത്തോടു കൂടി, ചെറുസമൂഹങ്ങളായി, കൂടി ആലോചിച്ചുജീവിക്കുവാൻ നാം ആഗ്രഹിച്ചാൽ അതു സാധിക്കാവുന്നതല്ലെ. അതു സാധിച്ചാൽ ഭരണകൂടങ്ങളുടെ പ്രസക്തി കുറഞ്ഞു വന്ന് അധികാര കേന്ദ്രീകരണം ആവശ്യമില്ലാതാകില്ലേ?

9. ബന്ധുത്വബോധം വികാരമായിത്തീരുമ്പോൾ മനുഷ്യമനസ്സിൽ ആർദ്രതയുടെ ഉറവയുണ്ടാകും. കഠോരതയും ക്രൂരതയും മാറിവരില്ലെ. എല്ലാത്തരം സമരങ്ങളും ഒഴിഞ്ഞുപോവില്ലെ. രാഷ്ട്രാതിർത്തികളും മതാതിർത്തികളും പരസ്പരം തുറക്കപ്പെടട്ടെ. അന്നല്ലെ മനുഷ്യപുരോഗതി ശരിക്കും തുട

ങ്ങുക? തലമുറകളായിട്ടെങ്കിലും തുടർന്ന് പരിശ്രമിച്ച് ഇന്നത്തെ ദൂഷിത വലയത്തിൽ നിന്ന് നമുക്ക് മോചിതരാകേണ്ടെ? വിനാശത്തിന്റെ കാലമാണിതെന്ന് പലരും പറയുന്നു. എങ്കിൽ എല്ലാം മറന്ന് കൈകോർക്കുകയല്ലെ വേണ്ടത്?

10. അന്യോന്യ ജീവിതം തുടങ്ങുന്നതോടുകൂടി സ്വകാര്യമാത്ര പരത വിഭാഗീയത അഹംഭാവം എന്നീ മൂന്ന് രോഗാണുക്കളും നമ്മെ വിട്ടൊഴിയും. അതോടുകൂടി ഭയവും സംഘർഷവും മാറി മനുഷ്യർ സ്വതന്ത്രരാകും. എല്ലാവരെയും സ്വന്തമായി കാണുന്ന സ്വതന്ത്ര വ്യക്തികളായി നാം മാറുന്നതോടു കൂടി ശാസ്ത്രവും സാങ്കേതികവിദ്യകളും ഹൃദയങ്ങളും വികസിക്കും. അങ്ങനെ ജീവിതം ആനന്ദപ്രദമായിത്തീരില്ലേ?

## സ്മരണാഞ്ജലിയിലെ ജൈവാർച്ചനകൾ

സർവ്വശ്രീ. എം.കെ. ഗോപിനാഥപിള്ള, ശാസ്താംകോട്ട – 1000, മോഹനൻ പാസ്പോർട്ട് ഓഫീസ് – 200, ഡോ: വേണുഗോപാൽ, നീർക്കുന്നം – 500, രാജീവ്, അമ്പലപ്പുഴ – 500, ചന്ദ്രശേഖരക്കുറുപ്പ്, നീർക്കുന്നം – 100, ജയൻ, കോമള –1000, ഡോ: എൻ.എൻ. പണിക്കർ – 500, അനിൽ ചിങ്ങവനം – 500, ശിവൻ, കാക്കാഴം – 500, ജി.പി. നായർ, കളർകോട് – 300, ഹംസാകൂഴിവേലി – 200, ചന്ദ്രൻപുറക്കാട് – 300, ഡോ: ഗോപാലകൃഷ്ണൻ, വണ്ടാനം – 500, രഘുവരൻ, ദർശനവേദി, മുഹമ്മ – 500, മുഹമ്മദ്അലി, കളർകോട് – 200, അഷറഫ് – 200, സുലൈമാൻകുഞ്ഞ്, പുന്നപ്ര – 100, സരോജിനിചേച്ചിയും സീതാദേവിയും 500 വീതം, രമാനായർ, അമ്പലപ്പുഴ – 300, സതീഷ് ചന്ദ്രൻ, അമ്പലപ്പുഴ –500, നാരായണമേനോൻ, ചെക്കിടിക്കാട് – 300, ഗോപിനാഥപിള്ളമാവേലിക്കര – 100, സുരേഷ്തോട്ടപ്പള്ളി – 200, ഷാജി, ആലപ്പുഴ – 200, കമാൽ എം.മാ

സത്യം അഹിംസ

# ദർശനം മാസിക

വില : 3/-

No. R. No. 24812 / 73

EDITOR : DARSANAM, NEERKUNNAM, ALAPPUZHA, KERALAM-688 005.
Phone : 0477 2282377, E-mail : darsanamkanjippadom@gmail.com

To

ക്കിയിൽ - 1000, ബോസ്ചേട്ടൻ - 300, പിന്നെ കഞ്ഞിപ്പാടത്ത് നിന്നും ബോബി ബോസ് - 150, മണിയമ്മ, കൈതക്കളം - 200, സനൽ, ശ്രേയസ്സ് - 500, ആശാചന്ദ്രൻ, ഉഷസ് - 500, മണിചേച്ചി, സോമപുരം, - 200, അനിരുദ്ധൻ സാർ, ഗൗരിമ ന്ദിരം - 200, രമചേച്ചി, ശ്രീസദനം - 100, ഗോപാലിയണ്ണനും രാമുചേട്ടനും 500, സ്നേഹമ്മചേച്ചി, കളത്തറ - 250, അനിത ചേച്ചി, ഉഷസ് - 200, രാമചന്ദ്രക്കുറുപ്പ്, ലതാഭവനം - 250, രാജമ്മചേച്ചി, ചെറുശ്ശേരി - 100, സുരേഷ്കുമാർ, കാർവാർ -500, സേതുഭായി ടീച്ചർ, കാക്കാഴം - 1000. എല്ലാവർക്കും പ്രണാമം

സത്യമല്ലാത്തതിൽ വിശ്വസിക്കുന്നത് അന്ധവിശ്വാസമാണ്.
സത്യമായത് വിശ്വസിക്കാതിരിക്കുന്നതും
അന്ധവിശ്വാസമാണ്.

Edited, Printed & Published by : Dr.P.Radhakrishnan
Telephone : 0477 2282377, 9496158249

Founder Editor : D.Pankajaksha Kurup
at Chaithanya Offset Printers, Punnapra. Phone : 9895505306